ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്)

# സാർവദേശീയ പ്രശ്നങ്ങളെപ്പറ്റി.

320.954
SAR

1990 മെയ് 28, 29, 30, 31 തീയതികളിൽ കൂടിയ
കേന്ദ്രകമ്മറ്റി യോഗം അംഗീകരിച്ചത്.

സിപിഐ(എം) കേരള സംസ്ഥാന കമ്മറ്റി
പ്രസിദ്ധീകരിക്കുന്നത്
വില 1.50പൈ

320.954 SAR

# ചില സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സംഭവവികാസങ്ങൾ സംബന്ധിച്ച രാഷ്ട്രീയവും ആശയപരവും ആയ ചില പ്രശ്നങ്ങളെക്കുറിച്ച്

**(1990 മെയ് 28–31 തീയതികളിൽ ചേർന്ന കേന്ദ്രകമ്മറ്റി യോഗം അംഗീകരിച്ചത്)**

സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ന് ഗൗരവമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ ലോക സോഷ്യലിസത്തിന് ഒരു വലിയ പിന്നോട്ടടിയാണ്. സോവിയറ്റ് യൂണിയനിലെ സംഭവ വികാസങ്ങൾ എല്ലാ കമ്യൂണിസ്റ്റുകാർകും സോഷ്യലിസത്തെ അനുകൂലിക്കുന്നവർകും വലിയ ഉൽകണ്ഠയും ഉദ്വേഗവും സൃഷ്ടിക്കുന്നു. യു എസ് എസ് ആറിൻെറ 72 കൊല്ലത്തെ നിലനിൽപിനുശേഷം അവിടെ വിഘടന പ്രസ്ഥാനങ്ങൾ തല ഉയർതുകയാണ്; ലിത്വാനിയ വേറിട്ടുപോകാനുള്ള ഉദ്ദേശം പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു. എങ്കിലും ഒരു ഒത്തുതീർപുണ്ടാക്കാൻ ശ്രമം നടക്കുകയാണ്. ബഹുജനങ്ങളെ അസ്വാസ്ഥ്യത്തിലേക്ക് നയിക്കത്തക്കവിധം ഗുരുതരമായ തകർചയിലാണ് സാമ്പത്തിക സ്ഥിതി. പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുമ്പോൾ ഉയർന്നു വരുന്ന പ്രശ്നങ്ങൾ നിലനിൽകുന്ന ആശയകുഴപ്പത്തെ വർധിപ്പിക്കുകയും കൂടുതൽ ഉൽകണ്ഠക്ക് ഇട നൽകുകയും ചെയ്യുന്നു.

ഈ സംഭവവികാസങ്ങൾ സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ വിഷമം പിടിച്ചതും അത്യന്തം സങ്കീർണവുമായ സ്ഥിതിവിശേഷത്തിലെത്തിച്ചിരിക്കുന്നു. യൂറോപ്പിലെ പല കമ്യൂണിസ്റ്റ് പാർടികൾകും അവയുടെ വർ

J999


ഗാടിത്തറ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കിഴക്കൻ യൂറോപ്പിലെ പാർടികൾ അവയുടെ പേരുമാറ്റി സോഷ്യൽ ഡെമോക്രസി എന്ന് പേരു സ്വീകരിച്ചിരിക്കുന്നു. ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർടി അതിൻെറ യൂറോ കമ്യൂണിസ്റ്റ് നിലപാടിൽനിന്ന് കൂടുതൽ വലത്തോട്ട് നീങ്ങി അതിൻെറ പേരിൽ നിന്ന് കമ്യൂണിസ്റ്റ് എന്ന വാക്ക് എടുത്തുകളഞ്ഞിരിക്കുന്നു. ഈ സംഭവവികാസങ്ങൾ മൂന്നാം ലോകരാജ്യങ്ങളിലെയടക്കം ലോകത്തിലെ മറ്റെല്ലാ കമ്യൂണിസ്റ്റ് പാർടികളിലും നിഷേധാത്മക പ്രത്യാഘാതമുണ്ടാക്കുന്നു.

ഈ സംഭവവികാസങ്ങളിൽ മദിച്ചുകൊണ്ട് സാമ്രാജ്യത്വവും ലോകത്തിലെ പിന്തിരിപ്പൻ ശക്തികളും കമ്യൂണിസ്റ്റുകാർക്കും സോഷ്യലിസത്തിനുമെതിരെ വമ്പിച്ച പ്രചരണാക്രമണം അഴിച്ചുവിട്ടിരിക്കുന്നു. സാമ്രാജ്യത്വ–സോഷ്യലിസ്റ്റു ശക്തികൾ തമ്മിൽ പല മേഖലകളിലും രൂക്ഷമായ പോരാട്ടത്തിൻെറ കാലഘട്ടത്തിലേക്ക് ലോകം പ്രവേശിക്കുകയാണ്. അതിനാൽ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് ധാരണയുടെ അടിസ്ഥാനത്തിൽ ഈ സംഭവങ്ങളെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള വിശകലനം നടത്തുകയും ശരിയായ നിഗമനങ്ങളും പാഠങ്ങളും ഉൾകൊണ്ട് നമ്മുടെ പാർടിയെ ഏകീകരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

## സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ അഭിപ്രായഭിന്നതകൾ

രണ്ടാം ലോകയുദ്ധത്തിനുശേഷമുള്ള കാലഘട്ടം സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ പല അഭിപ്രായ വ്യത്യാസങ്ങൾകും സാക്ഷ്യം വഹിച്ചു. അന്തർദേശീയ തലത്തിലും ദേശീയ തലത്തിലുമുള്ള വർഗശക്തികളുടെ ബലാബലത്തെക്കുറിച്ച് വിവിധ സന്ദർഭങ്ങളിൽ ഉണ്ടായ വിഭിന്ന വിലയിരുത്തലുകളാണ് ഇവക്കടിസ്ഥാനം.

ഒക്ടോബർ വിപ്ളവത്തിനുശേഷമുള്ള വലിയൊരു ചരിത്രസംഭവമായ ഫാസിസത്തിനുമേലുള്ള വിജയത്തെത്തുടർന്ന് ലോകാടിസ്ഥാനത്തിലുള്ള ശക്തികളുടെ ബലാബലത്തിൽ മാറ്റം ഉണ്ടായതുകൊണ്ട് വിവിധ രാജ്യങ്ങളിൽ സാമൂഹ്യപരിവർതനം വരുത്തുന്നതിനുള്ള സമരരൂപങ്ങളിലും മാറ്റം ആവശ്യമാണെന്ന തെറ്റായ ധാരണ ചില പാർടികളിൽ ഉയർന്നു വരികയുണ്ടായി. ഫാസിസത്തിൻെറ തോൽവിക്കുശേഷവും യുദ്ധത്തിൽ നാലുശക്തികൾ തമ്മിൽ ഊട്ടിയുണ്ടാക്കിയ സഖ്യം തുടരണമെന്ന് അന്നത്തെ അമേരിക്കൻ കമ്യൂണിസ്റ്റ് പാർടി സെക്രട്ടറി എൾ ബ്രൗഡർ വാദിച്ചു. സാമ്രാജ്യത്വവും സോഷ്യലിസവും തമ്മിലുള്ള പൊരുത്തപ്പെടാനാവാത്ത വൈരുധ്യം പൂർണമായും അവഗണിച്ചുകൊണ്ട് അദ്ദേഹം സാമൂഹ്യ പരിവർതന പ്രക്രിയ സമാധാനപരവും സാവധാനത്തിലുള്ളതും ആയിരിക്കണമെന്ന് വാദിച്ചു. അതിനാൽ വിപ്ളവം സംഘടിപ്പിക്കുന്നതിനും നയിക്കുന്നതിനും തൊഴിലാളി വർഗത്തിൻെറ മുന്നണിപ്പാർടിയുടെ ആവശ്യം മേലിൽ ഇല്ലെന്ന നിഗമനത്തിൽ അദ്ദേഹം എത്തി. ഇത്തരം ധാരണ അമേരിക്കൻ കമ്യൂണിസ്റ്റ് പാർടി ബ്രൗഡറുടെ നേതൃത്വത്തിൽ ഒരു ക്ളബായി സ്വയം മാറുന്നതിൽ ചെന്നു കലാശിച്ചു. വില്യം ഫോസ്റ്ററുടേതു മാത്രമായിരുന്നു വിയോജിപ്പിൻെറ ഏകസ്വരം. മറ്റു രാജ്യങ്ങളിലെ കമ്യൂണിസ്റ്റുകാരുടെ പിന്തുണയോടെ ഫ്രഞ്ചു കമ്യൂണിസ്റ്റ് നേതാവ് ഡുക്ളോസ് പാർടിയെ ഇല്ലായ്മ ചെയ്യുന്ന ഈ സമീപനത്തിനെതിരെ പ്രതിഷേധമുയർതി. അത് അവസാനം ബ്രൗഡർ പുറത്താക്കപ്പെടുന്നതിൽ കലാശിച്ചു. സി പി യു എസ് എ വീണ്ടും വിപ്ളവ തത്വങ്ങൾക് പിന്നിൽ അണിനിരന്നു. അക്കാലത്ത് ഇതേ പ്രവണതകൾ മറ്റുമേഖലകളിലും കാണപ്പെട്ടു.

### സിപിഎസ്‌യു 20–ാം കോൺഗ്രസ്

സി പി എസ് യുവിൻെറ 20–ാം കോൺഗ്രസിനെത്തുടർന്ന് സാർവദേശീ

യ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ വീണ്ടും അഭിപ്രായവ്യത്യാസങ്ങൾ ഉയർന്നുവന്നു. പല കമ്യൂണിസ്റ്റ് പാർടികളിലും ഗുരുതരമായ ഉൾപാർടി സമരങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിന് ഇത് ഇടയാക്കി. സമാധാനപരമായ സഹവർതിത്വം, സമാധാനപരമായ പരിവർതനം, സമാധാനപരമായ മത്സരം എന്നിവക്കുവേണ്ടിയുള്ള ക്രൂഷ്ചോവിനു കീഴിലുള്ള സി പി എസ് യു നേതൃത്വത്തിന്റെ വാദം കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ വിപ്ളവപാതയിൽ നിന്നും അകറ്റിക്കളഞ്ഞു. സമാധാനപരമായ സഹവർതിത്വം സംബന്ധിച്ച ലെനിനിസ്റ്റ് സങ്കൽപത്തെ വികൃതമാക്കിയതും സമാധാനപരമായ പരിവർതനത്തിന് വേണ്ടിയുള്ള വാദവും റിവിഷനിസവും ഏറ്റവും മോശപ്പെട്ട തരത്തിലുള്ള വർഗസഹകരണവും കടന്നുവരുന്നതിന് വാതിൽ തുറന്നുകൊടുത്തു.

ഇതിന്റെ പരിണതഫലമായി പല കമ്യൂണിസ്റ്റ് പാർടികളും തകർന്നു തരിപ്പണമായി. ഈജിപ്ത്, സുഡാൻ, ഇറാക്ക് മുതലായ വികസ്വര ലോകത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ദുർബലമാക്കിയ ഈ റിവിഷനിസ്റ്റ് കടന്നാക്രമണത്തിന്റെ ഇരകളായി.

ജോസഫ് സ്റ്റാലിന്റെ പങ്കിനെക്കുറിച്ചുള്ള ചരിത്രപരമല്ലാത്ത വിലയിരുത്തലും ഇതോടൊന്നിച്ചുണ്ടായി. വ്യക്തി പ്രഭാവത്തെ തിരുത്തുന്നതിന്റെ പേരിൽ സോഷ്യലിസത്തിന്റെ ചരിത്രത്തെ നിഷേധിക്കുന്ന ഈ സമീപനത്തെ സിപിഐ എം നിരാകരിക്കുന്നു. ലെനിനിസത്തെ കാത്തുരക്ഷിക്കുന്നതിലും ട്രോട്സ്കിയസത്തെയും ആശയപരമായ മറ്റു പാളിച്ചകളെയും എതിർക്കുന്നതിലും ജോസഫ് സ്റ്റാലിൻ ചെയ്ത അനിഷേധ്യമായ സംഭാവന, സോവിയറ്റ് യൂണിയനിൽ സോഷ്യലിസം കെട്ടിപ്പടുക്കൽ, ഫാസിസത്തിനുമേൽ നേടിയ വിജയം, യുദ്ധം മൂലം തകർന്ന സോവിയറ്റ് യൂണിയന്റെ പുനർനിർമാണം വഴി സാമ്രാജ്യത്വത്തിന്റെ കടന്നാക്രമണങ്ങളെ തടുക്കുവാൻ തക്കബലം ആർജിക്കൽ, എന്നിവ സോഷ്യലിസത്തിന്റെ ചരിത്രത്തിൽ നിന്ന് മായ്ച്ചുകളയുവാനാവില്ല.

സി പി എസ് യുവിന്റെ 20–ാം കോൺഗ്രസ് തുടങ്ങിവെച്ചതും സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ പിളർക്കുന്നതുമായ മർമപ്രധാന പ്രശ്നങ്ങളെപ്പറ്റിയുള്ള ദീർഘമായ വിവാദം 1957ലെ സമ്മേളനം അംഗീകരിച്ച പ്രഖ്യാപനത്തോടെ പരിഹരിക്കാനുള്ള ശ്രമം നടന്നു. ഈ സമ്മേളനത്തിൽ 61 പാർടികൾ പങ്കെടുത്തെങ്കിലും ഭരണത്തിലുള്ള 12 കമ്യൂണിസ്റ്റ് പാർടികളുടെ പേരിലാണ് പ്രഖ്യാപനം പ്രസിദ്ധീകരിക്കപ്പെട്ടത്. എന്നാൽ രണ്ടുവർഷത്തിനുള്ളിൽ വീണ്ടും അഭിപ്രായഭിന്നത പൊട്ടിപ്പുറപ്പെട്ടു. ഈ പശ്ചാത്തലത്തിൽ 1960ൽ മോസ്കോയിൽ ചേർന്ന 81 കമ്യൂണിസ്റ്റ്–വർകേഴ്സ് പാർടികളുടെ സാർവദേശീയ സമ്മേളനം ഈ തർക്കങ്ങൾ പരിഹരിക്കാനും ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് മാർഗനിർദ്ദേശം നൽകാനും ഉദ്ദേശിച്ചുകൊണ്ട് ഒരു രേഖ അംഗീകരിച്ചു.

എന്നാൽ ഇങ്ങനെ ഊട്ടിയുണ്ടാക്കിയ ഐക്യത്തിന് അൽപായുസ്സേ ഉണ്ടായുള്ളു. സി പി എസ് യുവും സി പി സിയും തമ്മിൽ പരസ്യമായ വിവാദം ആരംഭിച്ചു. ഇത് സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ഭിന്നിപ്പിലേക്ക് നയിച്ചു. വലതു റിവിഷനിസത്തെ എതിർത്ത സി പി സി താമസിയാതെ ഇടതുപക്ഷ സാഹസിക വ്യതിയാനത്തിനിരയായി. അത് 'സാംസ്കാരിക വിപ്ളവ' ത്തിലേക്കും ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ദുരന്ത പ്രത്യാഘാതങ്ങൾ ഉളവാക്കിയ മറ്റു പല വ്യതിയാനങ്ങളിലേക്കും നയിച്ചു.

## സിപിഐ (എം) ന്റെ രൂപീകരണം

ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ റിവിഷനിസത്തിനെതിരായ സമരം 1964ൽ സിപിഐ (എം) രൂപീകരിക്കുന്നതിൽ ചെന്നെത്തി. ഇന്ത്യൻ വിപ്ളവത്തിന്റെ തന്ത്രത്തിലും അടവുകളിലും ആണ് സിപിഐ (എം) പ്രാഥമിക

മായി ഏകോപിക്കപ്പെട്ടത്. 1957ലെയും 1960ലെയും രേഖകളിലെ വിപ്ളവകരമായ ധാരണയോട് സിപിഐ (എം) പരിപാടി കൂറു പുലർതുന്നു. പരിപാടിയിലെ 118—ാം ഖണ്ഡിക പറയുന്നു "ഇന്നത്തെ ലോകസ്ഥിതിയുടെ വിപ്ളവകരമായ അപഗ്രഥനമുൾകൊള്ളുന്ന 1960 നവമ്പറിൽ മോസ്കോവിൽ വെച്ചു ചേർന്ന 81 മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പാർടി പ്രതിനിധികളുടെ പ്രസ്താവനയിലും അതിനു മുമ്പത്തെ 1957ലെ പ്രഖ്യാപനത്തിലും നമ്മുടെ പാർടി ഉറച്ചുനിൽകുന്നു. ഈ രണ്ടു മഹത്തായ മാർക്സിസ്റ്റ് ലെനിനിസ്റ്റ് രേഖകളും എല്ലാ കമ്യൂണിസ്റ്റുകാർകും തൊഴിലാളിവർഗത്തിനും ലോകമാകെയുള്ള പുരോഗമന ശക്തികൾകും അമൂല്യമായൊരു മാർഗദർശിയാണ്. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി ഈ രണ്ടു രേഖകളിലുമുള്ള വിപ്ളവകരമായ സിദ്ധാന്തങ്ങളെ ഉയർതിപ്പിടിക്കുകയും മാർക്സിസം ലെനിനിസത്തിൻെറ പരിശുദ്ധിയെ കാത്തുരക്ഷിക്കുകയും എല്ലാ തിരുത്തൽ വാദ—പ്രമാണമാത്ര വാദ വ്യതിയാനങ്ങളിൽ നിന്നും സ്വയം രക്ഷിക്കുകയും ചെയ്യുന്നു."

സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ അഭിപ്രായ ഭിന്നതകളെക്കുറിച്ചുള്ള ചർച ഉടനെ നടത്താൻ കഴിഞ്ഞില്ല. കാരണം സിപിഐ (എം) രൂപീകരിച്ച് ഏതാണ്ട് രണ്ടുവർഷക്കാലം നേതൃനിരയിൽ ബഹുഭൂരിപക്ഷവും ജയിലിൽ അടക്കപ്പെട്ടിരുന്നു. അവർ വിമോചിതരായശേഷം പൂർണമായ ഒരു ഉൾപാർടി ചർച നടത്തപ്പെട്ടു. ഈ പ്രശ്നങ്ങളിൽ 1968ലെ ബർദ്വാൻ പ്ളീനത്തിൽ വെച്ച് അവസാന തീരുമാനം ഉണ്ടായി. അവിഭക്ത കമ്യൂണിസ്റ്റ് പാർടിയിൽ വെച്ചുതന്നെ പിന്നീട് സിപിഐ (എം) രൂപീകരിച്ച നാം 1963ൽ പൂർണമായ ഉൾപാർടി ചർച വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രശ്നങ്ങളുടെ ഗൗരവത്തെ മുൻനിർതി പാർടിയെ ഏകോപിപ്പിക്കുന്നതിനാണ് ഇങ്ങനെ ചെയ്തത്. അതിനെ അന്നത്തെ നേതൃത്വത്തിൽ മേധാവിത്വം വഹിച്ചിരുന്ന വിഭാഗം തള്ളിക്കളയുകയാണ് ചെയ്തത്.

## യൂറോ കമ്യൂണിസം

70 കളുടെ ആദ്യം സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ മറ്റൊരു വ്യതിയാനം ഉണ്ടായി. യൂറോ കമ്യൂണിസത്തിൻേറത്. പല യൂറോപ്യൻ കമ്യൂണിസ്റ്റ് പാർടികളെയും ഈ വലതു റിവിഷനിസ്റ്റു വീക്ഷണം ബാധിച്ചു. 1976 ജൂണിൽ ചേർന്ന 29 യൂറോപ്യൻ കമ്യൂണിസ്റ്റ് വർകേഴ്സ് പാർടികളുടെ ബർലിൻ സമ്മേളനത്തിൽ അവർ തങ്ങളുടെ വീക്ഷണം പരസ്യമായി അവതരിപ്പിച്ചു. ആ സമ്മേളനത്തിൻെറ അഭിപ്രായഗതിയെക്കുറിച്ച് സിപിഐ എം പിബി ഒരു പ്രസ്താവന ചെയ്തു. തൊഴിലാളിവർഗ സാർവദേശീയത, തൊഴിലാളിവർഗ സർവാധിപത്യം, സോഷ്യൽ ഡെമോക്രസി, സോഷ്യലിസത്തിലേക്കുള്ള പരിവർതനം, എന്നിങ്ങനെ കുറെ അടിസ്ഥാന മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സങ്കൽപങ്ങൾ സംബന്ധിച്ച നമ്മുടെ നിലപാട് ഈ രേഖ വ്യക്തമാക്കി. മാർക്സിസം ലെനിനിസത്തോടുള്ള കൂറ് നാം ആവർതിച്ചു പ്രഖ്യാപിച്ചു.

യൂറോ കമ്യൂണിസത്തിൻെറ പ്രണേതാക്കൾ ആ പാളിച്ചയെ ന്യായീകരിച്ചത് കമ്യൂണിസ്റ്റ് പാർടികൾക് പിന്നിൽ ജനങ്ങളിൽ വലിയൊരു വിഭാഗത്തെ അണിനിരത്തുന്നതിന് അത് ആവശ്യമാണെന്ന് പറഞ്ഞാണ്. എന്നാൽ മറിച്ച് തെരഞ്ഞെടുപ്പിൽ ലഭിക്കുന്ന ജനപിന്തുണയുടെയും സ്വാധീനത്തിൻെറയും കാര്യത്തിൽ ഈ പാർടികളെല്ലാം ക്ഷയിക്കുകയാണുണ്ടായത്.

## സമീപകാല സംഭവവികാസങ്ങൾ

ഒരു പതിറ്റാണ്ടിലേറെയുള്ള ഇടവേളക്ക് ശേഷം ചില സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സമീപകാല സംഭവവികാസങ്ങൾ സ്വാഭാവികമായി സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ വിവാദങ്ങൾക് ഇടയാക്കിയിരിക്കുന്നു. ഈ സംഭവവികാസങ്ങളോട് അപ്പപ്പോൾ പ്രതികരിച്ചുകൊണ്ട് സിപിഐ (എം) കേന്ദ്രകമ്മറ്റി ഇവ ഉയർതിയ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പ്രമേയങ്ങൾ അം

ഗീകരിച്ചിട്ടുണ്ട്. അവ ആശയപരമായ ചില പ്രശ്നങ്ങളെക്കുറിച്ചും സോവിയറ്റ് യൂണിയനിലെ സംഭവവികാസങ്ങളെക്കുറിച്ചും ഉള്ള 1988 മെയ്, ആഗസ്ത് പ്രമേയങ്ങൾ, 13–ാം പാർടി കോൺഗ്രസ് പ്രമേയങ്ങൾ, ചൈന, പോളണ്ട്, ഹംഗറി എന്നീവിടങ്ങളിലെ സംഭവവികാസങ്ങളെക്കുറിച്ചുള്ള 1989 ജൂലൈ, ഒക്ടോബർ പ്രമേയങ്ങൾ, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ സംഭവവികാസങ്ങളെക്കുറിച്ചുള്ള പി ബി പ്രസ്താവന എന്നിവയാണ്. ഈ സംഭവങ്ങളോട് പ്രതികരിച്ചെങ്കിലും ഇവയെ സംബന്ധിച്ച് കൂടുതൽ അഗാധമായ ഉൾപാർടി ചർച്ച മുഖ്യമായ രണ്ടു കാരണങ്ങളാൽ നാം മാറ്റിവെച്ചു. ഒന്നാമത്, ലോകസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പും പിന്നീട് നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പും നമ്മുടെ പാർടിയെയാകെ വലിയൊരു രാഷ്ട്രീയ പോരാട്ടത്തിൽ പങ്കാളിയാക്കിയിരുന്നു. രണ്ടാമത് ഈ സംഭവവികാസങ്ങൾ ആഴത്തിൽ പഠിക്കാൻ നമുക്ക് കഴിവുണ്ടാകുന്നതിന് പി ബിയും സി സിയും ഒരു പ്രതിനിധിസംഘത്തെ സോവിയറ്റ് യൂണിയൻ, ചൈന, കൊറിയ, ജപ്പാൻ എന്നിവിടങ്ങളിലെ പാർടികളുമായി ചർച്ച ചെയ്യുന്നതിന് അയക്കാൻ തീരുമാനിച്ചിരുന്നു.

സിപിഐ (എം)ന് അതിൻെറ ആരംഭം മുതൽ തന്നെ റിവിഷനിസത്തിനും പ്രമാണ വാദത്തിനുമെതിരായി കടുത്തപോരാട്ടം നടത്തേണ്ടി വന്നിട്ടുണ്ട്. ഈ 25 കൊല്ലക്കാലം പാർടിക്ക് വഴികാട്ടിയായിരുന്നത് മാർക്സിസം ലെനിനിസത്തിൻെറ മൗലികതത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള അതിൻെറ സ്വതന്ത്രമായ വിലയിരുത്തലും അനുഭവങ്ങളും ആയിരുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഇപ്പോൾ നടക്കുന്ന സംഭവ വികാസങ്ങളെയും ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ തന്ത്രത്തിനും അടവുകൾകും അവ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെയും വിലയിരുത്തുന്നതിൽ ഈ സമീപനം തന്നെയാണ് സിപിഐ എമ്മിന് മാർഗദർശകമായിട്ടുള്ളത്.

ഇതുചെയ്യണമെങ്കിൽ 1960കൾക് ശേഷം സാർവദേശീയ രംഗത്തുണ്ടായ മാറ്റങ്ങളേയും അവക്ക് നമ്മുടെ ധാരണമേലുള്ള സ്വാധീനത്തെയും സ്വയം വിമർശനപരമായി പരിശോധിക്കുകയും പുനർനിർണയം ചെയ്യുകയും വേണം. ഇതിന് 1957ലെയും 1960ലെയും രേഖകളിൽ അവതരിപ്പിച്ചിട്ടുള്ള ധാരണകളുമായി തട്ടിച്ചുനോക്കേണ്ടതാണ്.

## സാർവദേശീയ സ്ഥിതിയിലുണ്ടായ മാറ്റങ്ങൾ

നമ്മുടെ യുഗത്തിൻെറ മുഖ്യസവിശേഷത "ലോകാടിസ്ഥാനത്തിലുള്ള സോഷ്യലിസത്തിൻെറയും കമ്യൂണിസത്തിൻെറയും വിജയം" ആണെന്ന് 1957ലെയും 1960ലെയും രേഖകൾ പ്രസ്താവിച്ചു. 1960ലെ രേഖ തുടർന്നു. " ലോകോൽപാദനത്തിൽ സോഷ്യലിസത്തിൻെറ പങ്ക് മുതലാളിത്തത്തിൻേറതിനേക്കാൾ കൂടുതലാകുന്ന കാലം വിദൂരമല്ല.... മനുഷ്യപ്രയത്നത്തിൻെറ നിർണായക മേഖലയിൽ, ഭൗതികോൽപാദനത്തിൻെറ മേഖലയിൽ മുതലാളിത്തം തോൽപിക്കപ്പെടും........... തകർചയുടെയും ക്ഷയത്തിൻെറയും ഗുരുതരമായ പ്രക്രിയിലൂടെയാണ് ലോകമുതലാളിത്ത വ്യവസ്ഥ കടന്നുപോകുന്നത്. ഏറ്റവും വികസിച്ച മുതലാളിത്ത രാജ്യം ഏറ്റവും വികലമായ സൈനികാധിപത്യ സമ്പദ്വ്യവസ്ഥയുള്ള രാജ്യമായി മാറിയിരിക്കുന്നു.......... സാമൂഹ്യ പുരോഗതിക്ക് ശേഷിയുള്ള ശാസ്ത്ര സാങ്കേതിക നേട്ടങ്ങളെ മുതലാളിത്തം കൂടുതൽ കൂടുതൽ തടസ്സപ്പെടുത്തുന്നു.............. മുതലാളിത്തത്തിൻെറ പൊതു പ്രതിസന്ധിയുടെ വികാസത്തിൽ പുതിയ ഘട്ടം ആരംഭിച്ചിരിക്കുന്നു.........."

അത്തരമൊരു വിലയിരുത്തലിൽ നിന്ന് മൂന്നു പ്രധാന നിഗമനങ്ങളിൽ എത്തി. ഒന്നാമത്, സോഷ്യലിസം ചുരുങ്ങിയ കാലത്തിനുള്ളിൽ മുതലാളിത്തത്തെ ഭൗതികോൽപാദനരംഗത്ത് കവച്ചുവെക്കും. രണ്ട്, മുതലാളിത്തം തീവ്ര

മായ തകർച്ചയുടെ പ്രക്രിയയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കയാണ്. മൂന്ന്, മുതലാളിത്തം ശാസ്ത്രസാങ്കേതിക നേട്ടങ്ങളുടെ ഉപയോഗത്തെ കൂടുതൽ കൂടുതൽ തടസ്സപ്പെടുത്തുന്നു. ഇതെല്ലാം ചേർന്ന് മുതലാളിത്തത്തിൻെറ പൊതുപ്രതിസന്ധിയുടെ മൂന്നാംഘട്ടം എന്ന പുതിയഘട്ടത്തെ വരച്ചുകാണിക്കുന്നതിനുള്ള അടിത്തറ സൃഷ്ടിച്ചു. മുൻ ആവർതന പ്രതിസന്ധിയുടെ ഘട്ടത്തിൽ ഉണ്ടായതുപോലെ മുതലാളിത്ത പ്രതിസന്ധി സാമ്പത്തികമേഖലയിൽ മാത്രമായി ഒതുങ്ങിനിൽകില്ല എന്നും അത് രാഷ്ട്രീയവും സാംസ്കാരികവും ആശയപരവുമായ മേഖലകളെ കൂടി ബാധിക്കുന്നു എന്നും വിശദീകരിക്കപ്പെട്ടു. ഈ അടിസ്ഥാനത്തിൽ ലോക മുതലാളിത്ത വ്യവസ്ഥയുടെ തകർച്ചയിൽ പര്യവസാനിക്കത്തക്കവണ്ണം വിവിധ രാജ്യങ്ങളിലെ വിപ്ളവ പ്രസ്ഥാനങ്ങൾ സ്വയം മുന്നേറുമെന്നും വിഭാവനം ചെയ്യപ്പെട്ടു.

1960കളിലെ സംഭവവികാസങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ഇത്തരം ഒരു വിലയിരുത്തൽ നടത്തപ്പെട്ടത്. കൊളോണിയൽ വ്യവസ്ഥയുടെ തകർച്ച, ലോകസാമൂഹ്യ വൈരുധ്യങ്ങൾ മൂർച്ഛിക്കൽ, വിവിധ മേഖലകളിൽ സോഷ്യലിസ്റ്റ്‌രാജ്യങ്ങൾ കൈവരിച്ച മുന്നേറ്റം എന്നിവ ഉദാഹരണങ്ങൾ. എന്നാൽ, ലഭ്യമാകുന്ന ഓരോ ഉപാധിയെയും — വിശേഷിച്ച് പുത്തൻ കൊളോണിയൽ ചൂഷണത്തെ— മുതലാളിത്തം അതിൻെറ വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്താനുള്ള സാധ്യത ആ വിലയിരുത്തൽ കണക്കിലെടുത്തില്ല. കൂടാതെ, താരതമ്യേന പിന്നോക്കംനിന്ന രാജ്യങ്ങളിൽ സോഷ്യലിസം മുന്നേറിയപ്പോൾ മുതലാളിത്തത്തിൻെറ നെടുംകോട്ടകൾ ഒരു ഊനവും തട്ടാതെനിന്നു എന്ന വസ്തുതയും അത് അവഗണിച്ചു. അതിനാൽ, വ്യവസ്ഥയുടെ പൊതുപ്രതിസന്ധി തുടർന്നെങ്കിലും ലോകമുതലാളിത്തത്തിന് ശാസ്ത്ര—സാങ്കേതിക വിപ്ലവത്തിൻെറ പുരോഗതിയെ സ്വന്തം വളർച്ചക്കായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞു.

മുതലാളിത്തത്തിൻെറ പൊതുപ്രതിസന്ധി അതിൻെറ ആസന്നവും പൂർണവുമായ തകർച്ചയായി ലളിതമായി ചിത്രീകരിക്കപ്പെട്ടു എന്ന് ഇപ്പോൾ തിരിഞ്ഞുനോക്കുന്ന നമുക്ക് പറയാൻ കഴിയും. മുതലാളിത്തത്തിൻെറ തകർച്ച എന്ന ചരിത്രപരമായ അനിവാര്യത ആസന്നമായ ഒരു സംഭവമായി കണക്കാക്കപ്പെട്ടു. ഇത് ഗുരുതരമായ തെറ്റായിരുന്നു. ലോകാടിസ്ഥാനത്തിൽ സോഷ്യലിസം ഉടനെ വിജയിക്കും എന്ന തെറ്റായ ധാരണയിലേക്കാണ് ഇത് നയിച്ചത്. മാർക്സും എംഗൽസും കമ്യൂണിസ്റ്റ് മാനിഫെസ്റ്റോവിൽ വ്യക്തമായി പ്രസ്താവിച്ചിരുന്നു: "ഉൽപാദനോപകരണങ്ങളിലും തദ്വാര ഉൽപാദനബന്ധങ്ങളിലും അതോടൊപ്പം സാമൂഹ്യബന്ധത്തിലൊട്ടാകെയും നിരന്തരം വിപ്ലവകരമായ പരിവർതനം വരുത്താതെ ബൂർഷ്വാസിക്ക് നിലനിൽകാനാവില്ല."

അതേസമയം കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലത്തെ സോഷ്യലിസ്റ്റ് നിർമാണത്തിൻെറ അനുഭവം കാണിക്കുന്നതും, നേരത്തെ വമ്പിച്ച കുതിച്ചുചാട്ടം തന്നെ വികസനരംഗത്ത് കൈവരിച്ചെങ്കിലും സോഷ്യലിസ്റ്റ്‌രാജ്യങ്ങൾ സ്തംഭനത്തിൻേറതായ ഒരു ഘട്ടത്തിലേക്ക് നീങ്ങി എന്നാണ്.

1957ലെയും 1960ലെയും രേഖകളെ മേൽപറഞ്ഞ തരത്തിൽ വിലയിരുത്തിയത്, ഉൽപാദനശക്തികളുടെ വളർച്ചക്ക് അനുരോധമായി മുതലാളിത്ത ലോകത്തിലും സോഷ്യലിസ്റ്റ് രാജ്യങ്ങളിലും ഉണ്ടായിക്കൊണ്ടിരുന്ന മാറ്റങ്ങളെക്കുറിച്ച് മൂർതമായ ശാസ്ത്രീയപഠനം നടത്തുന്നതിനെ തടഞ്ഞു. ഇന്നത്തെ സംഭവവികാസങ്ങളെ വിലയിരുത്തുന്നതും പ്രതിസന്ധിയുടേതായ ഇന്നത്തെ സ്ഥിതിക്കിടയാക്കിയ സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥകളിലെ വളർചാനിരക്കുകളിൽ ഈയിടെയുണ്ടായ മാന്ദ്യം കണ്ടുപിടിക്കുന്നതിന് എടുത്ത നീണ്ടകാലവുമായി ഇതിന് ബന്ധമുണ്ട്.

ശീതയുദ്ധത്തിൻേറതും ആയുധപ്പന്തയത്തിൻേറതുമായ സാമ്രാജ്യത്വ വെല്ലുവിളികളെ നേരിടുന്നതിന്, സോവിയറ്റ്‌യൂണിയന് അതിൻെറ വിഭവങ്ങളിൽ ഗണ്യമായൊരുഭാഗം വിനിയോഗിക്കേണ്ടിവന്നു എന്ന് ഇത്തരുണത്തിൽ

ഓർക്കേണ്ടതാണ്. മുതലാളിത്തത്തിന് അതിൻെറ വളർച്ചയുടെ ഒരു ഘട്ടത്തിൽ കൂടുതൽ സാമ്പത്തികവളർച്ച നേടുന്നതിന് യുദ്ധോത്സുകത ആവശ്യമായിത്തീരുന്നു. അതേസമയം സോഷ്യലിസത്തിന് യുദ്ധച്ചെലവ് എന്നാൽ സാമ്പത്തികപുരോഗതിക്ക്, പ്രത്യേകിച്ച് ഉപഭോക്തൃചരക്കുൽപാദനത്തിന്, ലഭ്യമാകുന്ന വിഭവങ്ങളിൽ ആനുപാതികമായ കുറവ് വരിക എന്നാണർഥം. സന്ദർഭോചിതവും ശരിയുമായ പരിഷ്കാരങ്ങളുടെ അഭാവം സോഷ്യലിസത്തിൻെറ ശേഷിയെ പൂർണമായി ഉപയോഗപ്പെടുത്തുന്നതിനെ തടഞ്ഞിട്ടുണ്ടെങ്കിലും, വളർച്ചാനിരക്കുകൾ കുറയുന്നതിന് മേൽപറഞ്ഞതും ഒരു കാരണമാണ്.

## സോഷ്യലിസ്റ്റ് മുന്നേറ്റം

അടുത്തകാലത്ത് ഈ മാന്ദ്യം ഉണ്ടെങ്കിലും സോവിയറ്റ് യൂണിയനിലെ മഹത്തായ ഒക്ടോബർ വിപ്ലവം മാനവചരിത്രത്തിൽ ഒരു പുതിയ യുഗം ആരംഭിച്ചു എന്ന് മനസിലാക്കേണ്ടതാണ്. അതത് രാജ്യങ്ങളിൽ സാമൂഹ്യവിപ്ലവത്തിന് വേണ്ടിയുള്ള സമരങ്ങൾക് ശക്തികൂട്ടാൻ ലോക തൊഴിലാളിവർഗത്തിനും സാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ സോവിയറ്റ്യൂണിയനെ ഉറച്ച സഖ്യശക്തിയായി കിട്ടിയ ദേശീയ വിമോചനപ്രസ്ഥാനത്തിനും അത് ഒരു പ്രചോദന കേന്ദ്രമായിരുന്നു.

സോഷ്യലിസ്റ്റ് വിപ്ലവങ്ങൾ വിജയിച്ചത് ആപേക്ഷികമായി പിന്നോക്കം നിന്ന സമ്പദ്വ്യവസ്ഥകളിലാണ്, വികസിത മുതലാളിത്ത രാജ്യങ്ങളിലല്ല എന്നത് അനേകം പ്രശ്നങ്ങൾ ഉയർത്തി. ഉൽപാദനശക്തികളുടെയും ജനങ്ങളുടെ കൂട്ടായ ബോധത്തിൻെറയും നിലവാരം ഉയർത്തുന്ന ഭീമമായ ജോലി – ഭാവിയിലെ സോഷ്യലിസ്റ്റ് ഭരണകൂടങ്ങളുടെ അടിത്തറ നിലകൊള്ളുക അതിൻമേലാണ് – നിരവധി പ്രശ്നങ്ങളും സങ്കീർണതകളുമുള്ള ഒരു കടമയാണ്.

മാനവ ചരിത്രത്തിൽ മുമ്പ് ആരും കണ്ടുപിടിച്ചിട്ടില്ലാത്ത ഇത്തരം ഒരു പാതയിലൂടെ നീങ്ങിക്കൊണ്ട് ഒക്ടോബർ വിപ്ലവം സാമ്രാജ്യത്വ ഇടപെടലിനെയും അതിൻെറ സാമ്പത്തികോപരോധത്തെയും ആഭ്യന്തരയുദ്ധത്തെയും പരാജയപ്പെടുത്തി സ്വന്തം അടിത്തറ ഉറപ്പിക്കുക മാത്രമല്ല, ഒരു സോഷ്യലിസ്റ്റ് വിപ്ലവത്തിന് എന്ത് കൈവരിക്കാൻ കഴിയുമെന്നതിന് മാതൃക സൃഷ്ടിക്കുകയും ചെയ്തു. കരുത്തുറ്റ വ്യാവസായികാടിത്തറ പണിയാൻ അതിന് കഴിഞ്ഞു. കൃഷിഭൂമി കൃഷിക്കാരന് ഉറപ്പുചെയ്തുകൊണ്ട് കൃഷിയുടെ മേൽ ഫ്യൂഡലിസത്തിനുണ്ടായിരുന്ന നീരാളിപ്പിടിത്തം അവസാനിപ്പിച്ചുകൊണ്ട് കൃഷിഭൂമി കൃഷിക്കാരന് ഉറപ്പുവരുത്താൻ കഴിഞ്ഞു. സ്റ്റേറ്റ് കൃഷിയിടങ്ങളും കൂട്ടുകൃഷിത്തോട്ടങ്ങളും സംഘടിപ്പിച്ച് കൃഷിയുടെ നിലവാരം അത് ഉയർത്തി. മനുഷ്യൻ മനുഷ്യൻെറ മേൽ നടത്തുന്ന ചൂഷണം അവസാനിപ്പിച്ചുകൊണ്ടുള്ള ഒരു സമൂഹം സ്ഥാപിച്ചതും തൊഴിലവകാശം ഉറപ്പുചെയ്തതും സൗജന്യവിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, വാർധക്യപെൻഷൻ മുതലായി ഒരു മുതലാളിത്ത സമൂഹത്തിനും പൂർണമായി ഉറപ്പുചെയ്യാൻ കഴിയാതിരുന്ന സാമൂഹ്യ ഭദ്രതാനടപടികൾ ഏർപ്പെടുത്തിയതും മാനവനാഗരികതയുടെ മുന്നേറ്റം കുറിച്ചു. അത് ലോകമെങ്ങുമുള്ള അധ്വാനിക്കുന്ന ജനങ്ങളെ ആവേശഭരിതരാക്കി.

ഈ മുന്നേറ്റങ്ങൾ മൂലമാണ് സോവിയറ്റ് യൂണിയന് ലോകഫാസിസ്റ്റ് ശക്തികളുടെ മേൽ മാരകമായ പ്രഹരം ഏൽപിക്കുന്നതിൽ മുൻനിന്ന് പ്രവർത്തിക്കാൻ കഴിഞ്ഞത്. ഇത് വർഗശക്തികളുടെ ആഗോള ബലാബലത്തിൽ വരുത്തിയ പുരോഗമനോന്മുഖമായ മാറ്റം ജനകീയ ചീനാ റിപ്പബ്ളിക്കിലെയും വിയത്നാമിലെയും കൊറിയയിലെയും സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ വിജയത്തിനും പഴയ കൊളോണിയൽ വ്യവസ്ഥയുടെ തകർച്ചക്കും വഴിയൊരുക്കി. സോഷ്യലിസത്തെ പുൽകിയ ഈ രാജ്യങ്ങളിൽ സോവിയറ്റ്യൂണിയനി

ലെ വിജയകഥ–ശീഘ്രഗതിയിലുള്ള സാമ്പത്തിക പുരോഗതി, സാമൂഹ്യസേവനങ്ങൾ വ്യാപകമാക്കൽ മുതലായവ – ആവർത്തിക്കപ്പെട്ടു. പിന്നോക്കം നിൽക്കുന്ന സമ്പദ്‌വ്യവസ്ഥകളെ പരിവർത്തനം ചെയ്യിക്കുന്നതിൽ സോഷ്യലിസ്റ്റ്‌വ്യവസ്ഥക്ക് മുതലാളിത്ത വ്യവസ്ഥയെ അപേക്ഷിച്ചുള്ള മേൻമ അങ്ങനെ സ്ഥാപിക്കപ്പെട്ടു.

രണ്ടാംലോകയുദ്ധത്തിനുശേഷമുള്ള കാലത്ത് ലോകസംഭവവികാസങ്ങളെ സ്വാധീനിക്കുന്ന മഹത്തായ ശക്തിയായി സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ രംഗപ്രവേശം ചെയ്തു. അവ ദേശീയ വിമോചനപ്രസ്ഥാനങ്ങൾക് വലിയ സഹായം ചെയ്തു. പല രാജ്യങ്ങളുടെയും രാഷ്ട്രീയ മോചനത്തിന് സംഭാവന ചെയ്തു. സോവിയറ്റ്‌യൂണിയനും മറ്റ് സോഷ്യലിസ്റ്റ് രാജ്യങ്ങളും ചെയ്ത അതുല്യമായ സംഭാവന ഇല്ലായിരുന്നെങ്കിൽ ഏഷ്യയുടെയും ആഫ്രിക്കയുടെയും ഇന്നത്തെ രാഷ്ട്രീയഭൂപടം വ്യത്യസ്തമാകുമായിരുന്നു. ലോക സോഷ്യലിസ്റ്റ് സമൂഹത്തിൻെറ, വിശേഷിച്ച് സോവിയറ്റ്‌യൂണിയൻെറ, സഹായവും പിന്തുണയും ഇല്ലായിരുന്നെങ്കിൽ കൊറിയൻ ജനതയുടെ വിജയവും വിയത്നാം ജനതയുടെ ദീർഘവും ധീരോദാത്തവുമായ സായുധസമരത്തിൻെറ വിജയവും ക്യൂബൻ വിപ്ലവത്തിൻെറ വിജയവും അരക്കിട്ടുറപ്പിക്കാൻ കഴിയുമായിരുന്നില്ല. മൂന്നാംലോക രാജ്യങ്ങളുടെ സാമ്പത്തികവികസനം സാധ്യമായത് നിസ്വാർഥമായി നൽകിയ സോഷ്യലിസ്റ്റ്‌സഹായം മൂലമായിരുന്നു.

ലോക സമാധാനത്തിനുവേണ്ടി സോഷ്യലിസം ചെയ്ത നിരന്തര യത്നങ്ങളും അമേരിക്കയുടെ അണ്വായുധ കുത്തക പൊളിച്ച അതിൻെറ നേട്ടങ്ങളും ലോകത്തെയാകെ ഭീഷണിപ്പെടുത്തി കീഴടക്കാനുള്ള സാമ്രാജ്യത്വശ്രമങ്ങളെ വിഫലമാക്കുകയും 45 വർഷത്തേക്ക് ലോകയുദ്ധം ഒഴിവാക്കുകയെന്നത് ഉറപ്പുവരുത്തുകയും ചെയ്തു. അമേരിക്കൻ സാമ്രാജ്യവാദികളെ കൂടിയാലോചന നടത്താൻ നിർബന്ധിതരാക്കിയ ഏറ്റവും വലിയ സംഗതി സോവിയറ്റ് യൂണിയൻ അണ്വായുധത്തിൻെറ കാര്യത്തിൽ അമേരിക്കയോട് കിടപിടിച്ചതായിരുന്നു. ഈ സംഭവവികാസങ്ങൾ ലോകമെങ്ങുമുള്ള ജനലക്ഷങ്ങളെ സമാധാനത്തിൻെറയും സോഷ്യലിസത്തിൻെറയും ലക്ഷ്യത്തിലേക്ക് നീങ്ങാൻ ആവേശം കൊള്ളിച്ചു.

## മുതലാളിത്ത വളർച ചൂഷണം രൂക്ഷമാക്കി

സോഷ്യലിസത്തിൻെറ ഈ നേട്ടങ്ങൾ ചൂഷണരഹിതമായ ഒരു സമൂഹം സ്ഥാപിക്കുന്നതിൻെറ അടിസ്ഥാനത്തിലായിരുന്നെങ്കിൽ കഴിഞ്ഞ രണ്ടു ദശകക്കാലത്തെ മുതലാളിത്ത പുരോഗതി ശാസ്ത്ര–സാങ്കേതിക വിപ്ളവത്തെ ഉപയോഗപ്പെടുത്തിയതുകൊണ്ട് മാത്രമല്ല നേടിയത്. മൂന്നാംലോകത്തെ ജനങ്ങളെയും വിഭവങ്ങളെയും വൻതോതിൽ ചൂഷണം ചെയ്തുകൊണ്ടാണ് ആ പുരോഗതി അവർ കൈവരിച്ചത്. പുത്തൻ കൊളോണിയൽ ചൂഷണത്തിൻെറ പുതുരൂപങ്ങൾ മെനഞ്ഞെടുത്തും മുതലാളിത്ത ലോകത്തിലെ ഉൽപാദനശക്തികളുടെ 4/5 ഭാഗം നിയന്ത്രിക്കുന്ന ബഹുരാഷ്ട്രകുത്തകകൾ വഴി പ്രവർത്തനങ്ങൾ നീക്കിയും വികസ്വര രാജ്യങ്ങളുടെ മേൽ പ്രതികൂല വ്യാപാര വ്യവസ്ഥകൾ അടിച്ചേൽപിച്ചും മുതലാളിത്തത്തിന് ആഗോളാടിസ്ഥാനത്തിൽ മുന്നേറ്റം കുറിക്കാൻ കഴിഞ്ഞു. മൂന്നാം ലോകത്തിലെ ജനങ്ങളുടെ പൊതുസ്ഥിതിയിൽ – അവരനുഭവിക്കുന്ന ദാരിദ്ര്യം, നിരക്ഷരത, മുതുകൊടിക്കുന്ന കടത്തിലെത്തിച്ച സാമൂഹ്യമായ ഇല്ലായ്മകൾ എന്നിവയിൽ–ഈ പ്രക്രിയ നഗ്നമായി കാണാവുന്നതാണ്. എല്ലാ വികസ്വര രാജ്യങ്ങൾകും കൂടി 1987ൽ ഉണ്ടായിരുന്ന മൊത്തം ദീർഘകാല കടം ഒരു ലക്ഷം കോടി ഡോളറിൽപരം ആയിരുന്നു. ചില രാജ്യങ്ങളുടെ കടം അവയുടെ മൊത്തം ദേശീയോൽപാദനത്തിൻെറ ഏതാണ്ട് പകുതിയായിരിക്കുന്നു. ചൂഷണ

ത്തിനുള്ള ഈ മാർഗങ്ങൾക് ആക്കം കൂടി വരുന്നതിൻെറ ഫലമായി മൂന്നാം ലോകത്തിലെ ജനതകളും സാമ്രാജ്യത്വവും തമ്മിലുള്ള സാമൂഹ്യവൈരുധ്യം മൂർഛിച്ചുവരുന്നത് തുടരുന്നു. കൂടാതെ, യുദ്ധാനന്തര കാലഘട്ടത്തിൽ മുതലാളിത്തത്തിൻെറ വളർച്ചക്കുള്ള പ്രധാന കാരണം യുദ്ധാത്മകതയും ആയുധചെലവ് ഗണ്യമായി വർധിച്ചതും അമേരിക്കയിലെ ശക്തമായ സൈനിക–വ്യാവസായിക കൂട്ടുകെട്ടിൻെറ രംഗപ്രവേശവും ആയിരുന്നു യുദ്ധാനന്തര കാലഘട്ടത്തിലെ മുതലാളിത്തത്തിൻെറ വളർചയുടെ ലക്ഷണ അളവായിരുന്നു.

സോഷ്യലിസ്റ്റ് വെല്ലുവിളിക്കുള്ള പ്രതികരണമെന്ന നിലയിൽ യുദ്ധാനന്തരകാലത്ത് മുതലാളിത്ത രാജ്യങ്ങളിൽ നടപ്പാക്കപ്പെട്ട വിവിധ ക്ഷേമ നടപടികൾ മുഖ്യമായി അവിടങ്ങളിലെ തൊഴിലാളിവർഗം ഏതാനും നൂറ്റാണ്ടുകളിലായി നടത്തിയ ദീർഘ സമരത്തിൻെറ ഫലമായിരുന്നു. എന്നാൽ തൊഴിലാളിവർഗവും മറ്റ് ദരിദ്രവിഭാഗങ്ങളും അനുഭവിച്ചു വന്ന സാമൂഹ്യാനുകൂല്യങ്ങൾകുനേരെ കഴിഞ്ഞ ഏതാനും വർഷങ്ങളായി ആക്രമണം കൂടി വരികയാണ്. ശാസ്ത്ര–സാങ്കേതിക വിപ്ളവം മൂലം ഉൽപാദനം ആധുനികമാക്കിയതോടൊപ്പം മുതലാളിത്തം അധ്വാനിക്കുന്ന ജനങ്ങളുടെ മേൽ കടുത്ത പ്രത്യാക്രമണം അഴിച്ചുവിട്ടു. തൊഴിലില്ലായ്മ വർധിച്ച് യുദ്ധാനന്തര കാലത്ത് ഇതിനുമുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത തോതിലായിരിക്കുന്നു. ഉദാഹരണത്തിന് അമേരിക്കയിൽ ദാരിദ്ര്യരേഖക്കു കീഴിലുള്ളവർ 1970കളിൽ 240 ലക്ഷമായിരുന്നത് 1988ൽ 320 ലക്ഷമായി വർധിച്ചു. 35 ലക്ഷം പേർക് വീടില്ല. ജനസംഖ്യയിൽ അഞ്ചിലൊന്ന് പേർ ദാരിദ്ര്യത്തിൻെറ പടിവാതിൽകലാണ് കഴിഞ്ഞ് കൂടുന്നത്. അതേസമയം ഏറ്റവും സമ്പന്നരായ 1.5 ശതമാനം വ്യക്തിഗതമായ മൊത്തം സ്വത്തിൻെറ 25% കയ്യടക്കിയിരിക്കുന്നു. ഏറ്റവും സമ്പന്നമായ 10% ൻെറ കയ്യിലാണ് രാഷ്ട്രത്തിൻെറ സ്വത്തിൽ 65%. സാമ്പത്തിക അസമത്വങ്ങൾ ഇത്തരത്തിൽ വർധിക്കുന്നതോടൊപ്പം സാമൂഹ്യവും ധാർമികവുമായ ഇഴകൾ ദ്രവിച്ചു വരികയാണ്. ലഹരി മരുന്നുപയോഗവും എല്ലാ തരത്തിലുള്ള കുറ്റകൃത്യങ്ങളും വർധിച്ചുവരുന്നു. മുതലാളിത്തത്തിൻെറ സഹജസ്വഭാവമായ ചൂഷണം രൂക്ഷമാക്കിക്കൊണ്ടാണ് കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലത്ത് മുതലാളിത്തം വളർച നേടിയത്. മുതലാളിത്തത്തിനൊരിക്കലും പ്രതിസന്ധിയില്ലാത്ത വ്യവസ്ഥയാകാൻ കഴിയില്ല.

## പരിവർത്തനത്തിൻെറ യുഗം

സാർവദേശീയ സ്ഥിതിയെക്കുറിച്ചുള്ള വിലയിരുത്തലിൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകാലത്തെ സംഭവവികാസങ്ങൾ ആവശ്യമാക്കിത്തീർത തിരുത്തലുകൾ വരുത്തുമ്പോൾ തന്നെ ഒരു കാര്യം ഊന്നിപ്പറയേണ്ടതുണ്ട്. ഇന്നത്തെ യുഗം ഒക്ടോബർ വിപ്ളവത്തോടെ ആരംഭിച്ച ആഗോളാടിസ്ഥാനത്തിൽ മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിൻെറ കാലഘട്ടമാണെന്ന മുഖ്യവിലയിരുത്തൽ ഇപ്പോഴും പൂർണമായി സാധുവാണ്. മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തന കാലത്തെ മുതലാളിത്തത്തിൻെറ ആസന്നമായ തകർചയോ ആഗോളാടിസ്ഥാനത്തിലുള്ള സോഷ്യലിസത്തിൻെറ ആസന്ന വിജയമോ ആയി യാന്ത്രികമായും ലളിതവൽകരിച്ചും വ്യാഖ്യാനിച്ചുകൂട. സോഷ്യലിസത്തെ ശക്തിപ്പെടുത്താനുള്ള സമരം പല വളവുതിരിവുകളിലൂടെയും കടന്നുപോയി ചിലപ്പോൾ പിന്നോട്ടടിയിലും തിരിച്ചടിയിലും വരെ എത്തിപ്പെട്ടേക്കാം. എന്നാൽ ഒക്ടോബർ വിപ്ളവത്തോടെ ആരംഭിച്ച ചരിത്രപരമായി നിർണയിക്കപ്പെട്ട ആഗോള പരിവർത്തനപ്രക്രിയയെ മാറ്റം വരുത്തുക അസാധ്യമാണ്.

ഇക്കാര്യം ഊന്നിപ്പറയുമ്പോൾ തന്നെ നാം സ്വയം വിമർശനപരമായി അംഗീകരിക്കേണ്ട ഒരു വസ്തുതയുണ്ട്. സി പി ഐ (എം) അഭേദ്യഭാഗമായിട്ടു

ള്ള സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനം രണ്ടു പ്രധാന തെറ്റുകൾ ചെയ്തിട്ടുണ്ട്. ഒന്നാമത്, സ്വന്തം മുന്നേറ്റത്തിനായി പുതിയ പരിതഃസ്ഥിതിയോട് ഇണങ്ങാനും പുതിയ പുത്തൻ കൊളോണിയൽ ചൂഷണ മാർഗങ്ങൾ ആവിഷ്കരിക്കാനും ലോകമുതലാളിത്തത്തിനുള്ള കഴിവ് കുറച്ചുകണ്ടു. സാർവദേശീയ വിപ്ലവ പരിതഃസ്ഥിതിയെ അതിരുകവിഞ്ഞു വിലയിരുത്തിയതും ഇതോടൊപ്പമായിരുന്നു.

രണ്ടാമത്, റിവിഷനിസ്റ്റ്–പ്രമാണ വ്യതിയാനങ്ങളുടെ പ്രാധാന്യം കുറച്ചു കണ്ടതും സാർവദേശീയ തൊഴിലാളിവർഗ പ്രസ്ഥാനത്തിൻെറ ശക്തിയെ പ്രതികൂലമായി ബാധിച്ച അടവുകളിലേക്ക് അതുനയിച്ചതും സാമ്പത്തിക മാത്രവാദത്തിൻെറ മേധാവിത്വം വഴിയായി വർഗസമരത്തിൻെറ വായ്ത്തല മടക്കിയതുമാണ്. ആഗോളാടിസ്ഥാനത്തിലുള്ള വർഗസമര പ്രസ്ഥാനത്തിൻെറയും സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ജനതകളുടെ കൂട്ടായ ബോധത്തിൽ അത് ചെലുത്തിയ സ്വാധീനത്തിൻെറയും കാര്യങ്ങളിൽ മേൽപറഞ്ഞത് സാധുവാണ്. കിഴക്കൻ യൂറോപ്പിലെ ഭരണ കമ്യൂണിസ്റ്റ് പാർടികൾ സ്ഥാനത്യാഗം ചെയ്യുകയും സോഷ്യൽ ഡെമോക്രസിയെ പുൽകുകയും ചെയ്തതിൻെറ ശീഘ്രഗതിയിൽ ഇത് തെളിഞ്ഞുകാണാം. വർഗസമരം തീവ്രമാക്കാനുള്ള വസ്തുനിഷ്ഠ സാഹചര്യങ്ങൾ നിലനിന്നെങ്കിലും ആത്മനിഷ്ഠ ഘടകം, അതായത് ലോകാടിസ്ഥാനത്തിൽ തൊഴിലാളിവർഗത്തിൻെറ സംഘാടനത്തിൻെറ തോതും സോഷ്യലിസ്റ്റ് വർഗബോധവും പിന്നോക്കം നിൽകുകയായിരുന്നു.

ആത്മനിഷ്ഠ ഘടകമില്ലാതെ – മാർക്സിസം–ലെനിനിസത്തിൻെറ വിപ്ലവകരമായ ആശയസംഹിത മാർഗനിർദ്ദേശം ചെയ്യുന്നതും ജനങ്ങളുടെ അഭിലാഷങ്ങളുമായി സജീവ ബന്ധമുള്ളതും സമരങ്ങളെ സംഘടിപ്പിക്കുന്നതും നയിക്കുന്നതും ജനങ്ങളുടെ കൂട്ടായ ബോധം ഉയർത്തുന്നതുമായ തൊഴിലാളിവർഗ പാർടിയില്ലാതെ–വിപ്ലവ മുന്നേറ്റം സാധ്യമല്ല എന്ന് വ്യക്തമായി ഓർകേണ്ടതാണ്.

## ലോകസാമൂഹ്യ വൈരുധ്യങ്ങൾ

ലോകമുതലാളിത്തത്തിൻെറയും ലോക സോഷ്യലിസത്തിൻെറയും അന്താരാഷ്ട്ര സാഹചര്യത്തിൽ വന്ന മാറ്റങ്ങൾ മൂലം നമ്മുടെ ഇന്നത്തെ യുഗത്തിലെ മൗലിക വൈരുധ്യങ്ങൾ ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു എന്ന നിഗമനത്തിലെത്താനാവുകയില്ല. എന്നാൽ സമാധാനത്തിൻെറയും ദേശീയ സ്വാതന്ത്ര്യത്തിൻെറയും ജനാധിപത്യത്തിൻെറയും സാമൂഹ്യ പുരോഗതിയുടെയും ലോകശക്തികൾ വളർന്നു കൊണ്ടിരിക്കുന്ന സാർവദേശീയ സ്ഥിതിയിൽ ചില വൈരുധ്യങ്ങൾ പരിഹരിക്കാനുള്ള മാർഗങ്ങളിൽ ആവശ്യമായി മാറ്റം ഉണ്ടായേക്കാം. സിപിഐ എം കേന്ദ്രകമ്മറ്റിയുടെ 1988 ആഗസ്ത് പ്രമേയം വൈരുധ്യങ്ങളെക്കുറിച്ചുള്ള നമ്മുടെ പാർടിയുടെ നിലപാട് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഒക്ടോബർ വിപ്ളവത്തിൻെറ 70–ാം വാർഷികവേളയിൽ സി പി എസ് യു നടത്തിയ വിലയിരുത്തലുമായി നമുക്കുള്ള പരസ്യമായ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

സാമ്രാജ്യത്വം സോഷ്യലിസവുമായുള്ള വൈരുധ്യം യുദ്ധത്തിലൂടെ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഇന്നത്തെ ഘട്ടത്തിൽ അത്തരം ഏതു യുദ്ധവും വിജയിയായി ആരും അവശേഷിക്കാത്ത അണ്വായുധ യുദ്ധമല്ലാതെ മറ്റൊന്നുമാവില്ല എന്ന് നമ്മുടെ 13–ാം കോൺഗ്രസിൽ നാം പ്രസ്താവിച്ചിരുന്നു. ഈ സാഹചര്യത്തിൽ സാമ്രാജ്യത്വം യുദ്ധസന്നാഹം തുടരുന്നെങ്കിലും നമ്മുടെ യുഗത്തിലെ കേന്ദ്രവൈരുധ്യം മൂർഛിക്കുന്നത് രൂക്ഷമായ സാമ്പത്തിക സംഘട്ടനത്തിൻെറ വിവിധ രൂപങ്ങളും സോഷ്യലിസത്തിൻെറ ആഗോളതലത്തിലുള്ള മുന്നേറ്റത്തെ സൈനികമായും ആശയപരമായും തടയുന്നതിനുള്ള ശ്രമവും സോഷ്യലിസ്റ്റ് രാജ്യങ്ങളെ ആഭ്യന്തരമായി അട്ടിമറിക്കാനു

ള്ള അനുസ്യൂത ശ്രമവും ആയിട്ടായിരിക്കും. കഴിഞ്ഞ ഒരു കൊല്ലത്തിനിടക്ക് ചൈനയിലും കിഴക്കൻ യൂറോപ്പിലും ഉണ്ടായ സംഭവവികാസങ്ങളിൽ അവസാനം പറഞ്ഞവശം തെളിഞ്ഞുകാണാം.

സോഷ്യലിസത്തിൻെറ നിലനിൽപും ശക്തിയും വിവിധ രാജ്യങ്ങളുടെ കൈവശം അണ്വായുധങ്ങളുള്ളതും യുദ്ധം വഴി സാമ്രാജ്യശക്തികൾ തമ്മിലുള്ള വൈരുധ്യം പരിഹരിക്കുന്നതിനെ തടയുന്നു. എങ്കിലും രണ്ടാംലോക യുദ്ധത്തിനുശേഷം അമേരിക്ക മേധാവിത്വം പുലർത്തുന്ന വ്യാവസായിക-സൈനിക ശക്തിയായിത്തീർന്നിട്ടും ആ വൈരുധ്യങ്ങൾ മൂർഛിച്ചുകൊണ്ടിരിക്കുന്നു. സാമ്രാജ്യത്വഭീമൻമാർ തമ്മിൽ നടക്കുന്ന സാമ്പത്തിക പോരാട്ടങ്ങളിലും തങ്ങളുടെ സ്വാധീനമേഖലകൾ പുനർവിഭജിക്കാനുള്ള അവരുടെ ശ്രമത്തിലും അത് നിഴലിക്കുന്നു. അമേരിക്ക, ഇ ഇ സി (അതിനുള്ളിൽ പശ്ചിമജർമനിയും മറ്റുള്ളവരും), ജപ്പാൻ ഇവ തമ്മിലുള്ള മത്സരം നിരന്തരമായ നാണയ വ്യാപാരയുദ്ധങ്ങളായി പ്രത്യക്ഷപ്പെടുന്നു. 1992ൽ രൂപംകൊള്ളാൻ പോകുന്ന സംയോജ്ജിത യൂറോപ്പോടെ ഈ വൈരുധ്യങ്ങൾ കൂടുതൽ മൂർഛിക്കുമെന്ന് ഉറപ്പാണ്. 80കളിൽ മുതലാളിത്തരാജ്യങ്ങൾ നേടിയ വളർചാതോത് 60കളിലും 70കളിലും ഉണ്ടായിരുന്നതിലും കുറവാണ് എന്ന വസ്തുത ഈ വൈരുധ്യത്തെ മൂർഛിപ്പിക്കുന്നതിലൂടെ പ്രകടമാവും.

മൂന്നാംലോക രാജ്യങ്ങളും സാമ്രാജ്യത്വവും തമ്മിലുള്ള വൈരുധ്യം രണ്ടാംലോക യുദ്ധത്തിന് മുമ്പുണ്ടായിരുന്ന പ്രത്യക്ഷത്തിലുള്ള കോളനിവൽകരണത്തിലേക്ക് മേലിൽ അനിവാര്യമായി നയിക്കണമെന്നില്ല. സാമ്രാജ്യത്വ ചൂഷണത്തിന് പുത്തൻ കൊളോണിയൽ ചൂഷണരീതികൾ, ബഹുരാഷ്ട്ര കോർപറേഷനുകൾ വഴിക്കും അന്യായമായ വ്യാപാരവ്യവസ്ഥകൾ വഴിക്കും ഭീഷണിയിലൂടെയും ഉള്ള ചൂഷണം എന്നിങ്ങനെ പല മാർഗങ്ങളുമുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ പാനമയിൽ ഈയിടെ ചെയ്തതുപോലെ നഗ്നമായ സായുധഇടപെടലിന് അത് മടിക്കുന്നില്ല. വികസ്വര രാജ്യങ്ങളിലെ ദുരിതത്തിൻെറ വൈപുല്യം മനസിലാക്കാൻ (ലോകബാങ്ക് 1987 വരെ നൽകിയ സ്ഥിതിവിവരം അനുസരിച്ച്) 1965–80 കാലത്തെ വികസ്വര രാജ്യങ്ങളുടെ വാർഷികവളർചാതോതായിരുന്ന 8.1 ശതമാനത്തെ 1980കളിലെ – വാർഷികവളർചാതോതായ 2.6 ശതമാനവുമായി താരതമ്യം ചെയ്താൽമതി. വൈരുധ്യം ഇത്തരത്തിൽ മൂർഛിക്കുന്നത് സാമ്രാജ്യത്വത്തിനെതിരായി രൂക്ഷമായ ജനകീയസമരങ്ങൾ പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത വളർത്തുന്നു.

ലോകമുതലാളിത്തക്രമത്തിൻെറ വളർന്നുവരുന്ന പ്രതിസന്ധിയും തൽഫലമായി സാമൂഹ്യസുരക്ഷിതത്വ നടപടികളിൽ വരുന്ന വെട്ടിക്കുറവും വളർന്നുവരുന്ന തൊഴിലില്ലായ്മയും വികസിത മുതലാളിത്തരാജ്യങ്ങളിലെ വർഗസമരം മൂർഛിക്കാനുള്ള ചുറ്റുപാടുകൾ സൃഷ്ടിക്കുന്നു. എന്നാൽ, ഈ വൈരുധ്യം മൂർഛിക്കുന്നതിനെ പരിഷ്കരണവാദപരമായ വ്യാമോഹങ്ങൾ പരത്തി വായ്ത്തലമടക്കാനുള്ള ശ്രമം നടന്നുവരുന്നുണ്ട്. വിവിധ വികസിത മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളിവർഗത്തിലെ ഗണ്യമായ വിഭാഗങ്ങൾക് കൈക്കൂലി നൽകാൻ മുതലാളിത്തത്തിന് അപാരമായ ശേഷിയുണ്ട്. മൂലധനവാഴ്ച സുഗമമായി നടക്കുന്നതിനുവേണ്ടി അത് സ്വന്തം ലാഭത്തിൽ ഒരു ചെറിയ ഭാഗം അവർക് നൽകുന്നു.

സാർവദേശീയ സ്ഥിതിയിൽ മാറ്റങ്ങളുണ്ടായെങ്കിലും നമ്മുടെ യുഗത്തിലെ മൗലികവൈരുധ്യങ്ങൾ മൂർഛിച്ച് വരികയാണെന്ന നമ്മുടെ വിലയിരുത്തൽ 1988 മെയിലെ സി പി ഐ –എം കേന്ദ്രകമ്മറ്റി പ്രമേയവും 13 ാം പാർടി കോൺഗ്രസിൻെറ രാഷ്ട്രീയപ്രമേയവും ആവർത്തിച്ചിട്ടുണ്ട്. ഈ വൈരുധ്യങ്ങളിൽ ചിലവ പരിഹരിക്കുന്നത് വ്യത്യസ്തമായ രീതിയിലായിരിക്കണമെന്ന് മാറിയ സാഹചര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നു.

## കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ സംഭവവികാസങ്ങൾ

കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ സംഭവവികാസങ്ങളെ നമ്മുടെ യുഗത്തിലെ കേന്ദ്രവൈരുധ്യം മൂർഛിക്കുന്ന പശ്ചാത്തലത്തിൽവേണം നാം വിലയിരുത്തേണ്ടത്.

കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ഈയിടത്തെ സംഭവവികാസങ്ങളിൽ പ്രകടമായ കമ്യൂണിസ്റ്റ്‌വിരുദ്ധ മുന്നേറ്റം, ഈ രാജ്യങ്ങളിൽ ഈയിടെ നടന്ന തെരഞ്ഞെടുപ്പുകളിൽ സോഷ്യലിസ്റ്റ് വിരുദ്ധരായ വലതുപക്ഷ–മധ്യമാർഗ ശക്തികളുടെ വിജയം, മുതലാളിത്തം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങൾ എന്നിവ ലോകസോഷ്യലിസ്റ്റ് ശക്തികൾക്ക് കടുത്ത തിരിച്ചടിയാണ്. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനുള്ള തത്വങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങളും അവയെ വളച്ചൊടിച്ചതും ബഹുജനാസംതൃപ്തിയിലേക്ക് നയിക്കുകയും ജനങ്ങൾ കമ്യൂണിസ്റ്റ്പാർടികളിൽനിന്നും സോഷ്യലിസ്റ്റ് ഭരണകൂടത്തിൽനിന്നും അകലാനും ഇടയാക്കി. ഈ അകൽചയും ഈ പാർടികൾ ബഹുജനങ്ങൾകിടയിൽ ആശയപരമായ പ്രവർതനം നടത്തുന്നതിനെ അവഗണിച്ചതും സാമ്രാജ്യതവത്തിനും ആഭ്യന്തരപിന്തിരിപ്പൻ ശക്തികൾകും അങ്ങേയറ്റം ചൂഷണം ചെയ്യാവുന്ന സ്ഥിതിഗതികൾ സൃഷ്ടിച്ചു. ഇത് സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുമേൽ വീണ്ടും പ്രതിവിപ്ലവപരമായ കടന്നാക്രമണം നടത്താൻ അവസരം നൽകി.

രണ്ടാംലോക യുദ്ധത്തിനുശേഷം കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ കമ്യൂണിസ്റ്റ് നേതൃതവത്തിൽ മൗലികമായ സാമൂഹ്യപരിവർതനം നടത്തുകയും പഴയ ചൂഷകവർഗങ്ങളുടെ ഭരണം അവസാനിപ്പിക്കുകയും ബഹുമുഖമായ സോഷ്യലിസ്റ്റ് മുന്നേറ്റത്തിന് അടിത്തറപാകുകയും ചെയ്തു. കഴിഞ്ഞ നാല് പതിറ്റാണ്ടിലിടയ്ക്ക് ഈ രാജ്യങ്ങളിൽ പലതിലും ജനങ്ങളുടെ സാമൂഹ്യസുരക്ഷിതതവം ഉറപ്പുവരുത്തപ്പെട്ടു. അവയിൽ ചിലവ, പ്രത്യേകിച്ച് ജി ഡി ആർ ചില മുതലാളിത്ത രാജ്യങ്ങളുടെ ഒപ്പം പിടിക്കുകയോ അവയിൽ ചിലവയെ കവച്ചുവെക്കുകയോ ചെയ്യുന്ന സാമ്പത്തികപുരോഗതി കൈവരിക്കുകയും ചെയ്തു. എന്നാൽ ഇത്തരം മുന്നേറ്റം ഉണ്ടാക്കിയിട്ടും ജനങ്ങളുടെ സദാ വളർന്നുവരുന്ന അഭിലാഷങ്ങൾകൊപ്പം എത്തുന്നതിൽ ഈ ഭരണകൂടങ്ങൾ പരാജയപ്പെട്ടു.

## സോഷ്യലിസം കെട്ടിപ്പടുക്കുന്നതിലെ പ്രധാന വൈകല്യങ്ങൾ.

എന്നാൽ, സമീപകാല സംഭവങ്ങൾ വെളിവാക്കുന്നത് സോഷ്യലിസം കെട്ടിപ്പടുക്കുന്നതിലും ഈ രാജ്യങ്ങളിലെ സോഷ്യലിസ്റ്റ് ഭരണകൂടങ്ങളുടെ നടത്തിപ്പിലും പല വൈകല്യങ്ങളും ഉണ്ടായെന്നാണ്.

സോഷ്യലിസ്റ്റ് ഭരണകൂടം പ്രവർതിപ്പിക്കുന്നതിലും ബൂർഷ്വാ ജനാധിപത്യത്തെ അപേക്ഷിച്ച് മേത്തരം ജനാധിപത്യമാണ് സോഷ്യലിസ്റ്റ് ജനാധിപത്യം എന്ന് ഉറപ്പുവരുത്തുന്നതിലും പല വിരൂപപ്പെടുത്തലും ഉണ്ടായി. തൊഴിലാളിവർഗ സർവാധിപത്യം എന്ന സങ്കൽപത്തെ പാർടിയുടെ സർവാധിപത്യമായി ചുരുക്കി. പലപ്പോഴും ഇത് പാർടിയുടെ നേതൃവൃന്ദത്തിൻെറ സർവാധിപത്യമായി മാറി. ഇത് ഉദ്യോഗസ്ഥമേധാവിതവത്തിൻെറ വളർചക്കും പൗരസ്വാതന്ത്ര്യങ്ങളുടെയും ജനാധിപത്യാവകാശങ്ങളുടെയും ലംഘനത്തിനും ഇടയാക്കി. പാർടിക്കുള്ളിൽ ജനാധിപത്യ കേന്ദ്രീകരണതതവം നടപ്പാക്കുന്നതിലും വൈകല്യങ്ങളുണ്ടായി. കൂടുതൽ കൂടുതൽ ജനവിഭാഗങ്ങളെ ആകർഷിക്കുന്നതിന് സാമൂഹ്യവും രാ

ഷ്ട്രീയവുമായ പ്രവർത്തന മേഖലകളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുപകരം ഈ വൈകല്യങ്ങൾ സോഷ്യലിസ്റ്റ് നിയമാനുസാരിത്തം ലംഘിക്കുന്നതിലും വ്യക്തിസ്വാതന്ത്ര്യങ്ങളെ പരിമിതപ്പെടുത്തുന്നതിലും ചെന്നെത്തി. ജനങ്ങളിൽ വലിയ വിഭാഗം പാർടിയിൽനിന്നും ഭരണകൂടത്തിൽനിന്നും അകലുന്നതിന് ഇത് ഇടയാക്കി.

സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ സംഘടിപ്പിക്കുന്ന രീതിയിലും വ്യതിയാനങ്ങളുണ്ടായി. ഇക്കഴിഞ്ഞ വർഷങ്ങളിൽ മുതലാളിത്ത രാജ്യങ്ങളെ അപേക്ഷിച്ച് വളർച്ചയുടെ നിരക്കുകളിൽ കുറവ് വരുന്നതിന് അവ ഇടയാക്കി. സോഷ്യലിസത്തിൻകീഴിൽ ഉൽപാദനശക്തികൾ അതിവേഗത്തിൽ വികസിക്കുന്നതിന് അനുസൃതമായി സാമ്പത്തിക മാനേജ്മെൻറിൻെറ രീതികൾ മാറ്റേണ്ടതുണ്ട്. ഇത്തരം മാറ്റങ്ങൾ തക്കസമയത്ത് നടപ്പാക്കാത്തതുമൂലം കുറഞ്ഞ വളർചാനിരക്ക് കൈവരിക്കാനേ കഴിഞ്ഞുള്ളൂ. ആവശ്യമായ മാറ്റങ്ങളുടെ അഭാവവും ഭരണകൂടത്തിൽ ഉദ്യോഗസ്ഥവിഭാഗം മേധാവിത്വം വഹിച്ചതും ശാസ്ത്ര–സാങ്കേതിക വിപ്ലവത്തിൻെറ നേട്ടങ്ങളെ സാമ്പത്തികോൽപാദനവുമായി സംയോജിപ്പിക്കുന്നതിനെ തടസപ്പെടുത്തി. തൽഫലമായി ജനങ്ങളിൽ വളർന്ന അസംതൃപ്തി അന്യവൽകരണ പ്രക്രിയയെ കൂടുതൽ ശക്തമാക്കി.

ഉചിതമായ നിഗമനങ്ങളിൽ എത്തുന്നതിലും ശരിയായ മാറ്റങ്ങൾ തക്കസമയത്ത് നടപ്പാക്കുന്നതിലും ഉള്ള പരാജയവും ആശയപരമായ പ്രവർത്തനത്തെ അവഗണിച്ചതും കൂടി ഈ അസംതൃപ്തിയെ സോഷ്യലിസ്റ്റ് വിരുദ്ധ ശക്തികൾക് ചൂഷണം ചെയ്യാനുള്ള സ്ഥിതിഗതികൾ ഉണ്ടാക്കിക്കൊടുത്തു. അതുപയോഗിച്ച് സോഷ്യലിസ്റ്റ് ജനാധിപത്യത്തെക്കാളും സോഷ്യലിസത്തെക്കാളും ഭേദം ബൂർഷ്വാ ജനാധിപത്യവും മുതലാളിത്തവുമാണ് എന്ന് വരുത്തിത്തീർകുന്നതിൽ അവർ വിജയിച്ചു.

## ചരിത്രപരമായ ഘടകങ്ങൾ

ആഭ്യന്തരമായ വർഗസമരത്തിൻെറ പരിസമാപ്തി എന്ന സാധാരണ നിലയ്ക്കല്ല ഫാസിസത്തിനുമേൽ നേടിയ വിജയത്തിൻെറ പശ്ചാത്തലത്തിലാണ് ഈ രാജ്യങ്ങളിൽ സോഷ്യലിസ്റ്റ് വിപ്ലവമുണ്ടായത്. എന്ന് ഓർകേണ്ടതാണ്. ചെമ്പട ഈ രാജ്യങ്ങളെ വിമോചിപ്പിച്ചതിനെയും ഫാസിസത്തിനുമേൽ നേടിയ വിജയത്തെയും ഈ രാജ്യങ്ങളിലെ ജനങ്ങൾ സ്വാഗതം ചെയ്തിരുന്നു. ബൾഗേറിയയും യുഗോസ്ലാവിയയും ഒഴിച്ചുള്ള രാജ്യങ്ങളിൽ കമ്യൂണിസ്റ്റ് പാർടികൾ അത്യന്തം ദുർബലമായിരുന്നു. കൂടാതെ ഫാസിസത്തിനെതിരായ സമരത്തിലും മാർക്സിസത്തെയും സോഷ്യലിസത്തെയും കാത്തുരക്ഷിക്കുന്ന സമരത്തിലുമായി ആയിരക്കണക്കിന് കമ്യൂണിസ്റ്റുകാർ രക്തസാക്ഷികളാകേണ്ടിവന്നു. മറ്റ് അനുഭവങ്ങൾ ഇല്ലാത്തതുകൊണ്ട് ഈ രാജ്യങ്ങൾ സോവിയറ്റ് അനുഭവത്തെ സ്വീകരിച്ചുകൊണ്ട് സോഷ്യലിസം കെട്ടിപ്പടുക്കുവാൻ ആരംഭിച്ചു. അതത് രാജ്യങ്ങളിൽ നിലവിലുള്ള മൂർതമായ സ്ഥിതിഗതികളുടെ സവിശേഷതകൾ കണക്കിലെടുക്കാതെയാണ് അവർ അതുചെയ്തത്. പ്രാരംഭ വളർചക്കുശേഷം സമ്പദ്വ്യവസ്ഥയിൽ പ്രശ്നങ്ങൾ ഉയർന്നുവരാൻ തുടങ്ങിയപ്പോൾ ഇവയിൽ ചില രാജ്യങ്ങൾ പരിഷ്കാരങ്ങൾ വരുത്തി. എന്നാൽ ഇവ പടിഞ്ഞാറൻ മൂലധനത്തെ കൂടുതൽ കൂടുതൽ ആശ്രയിച്ചുകൊണ്ടായിരുന്നു. അതിനുപോളണ്ടിലും ഹംഗറിയിലും കണ്ടതുപോലെ നിഷേധാത്മക പ്രത്യാഘാതങ്ങളുണ്ടായി.

ഫാസിസത്തിൻെറ പരാജയത്തിനുശേഷമുള്ള മാറിയ സാഹചര്യത്തിൽ ഈ രാജ്യങ്ങളിൽ പലതിലുമുണ്ടായിരുന്ന പഴയ സോഷ്യൽ ഡെമോക്രാറ്റിക് പാർടികൾ ഒന്നടങ്കം അതത് കമ്യൂണിസ്റ്റ് പാർടികളിൽ ചേർന്നു. ഈ പശ്ചാത്ത

ലത്തിൽ പാർടികളുടെ അണികളെ ആശയപരമായി സജ്ജീകരിക്കാനും സോഷ്യലിസ്റ്റ് മനുഷ്യനെ വളർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ ആശയപരമായ ബോധം ജനങ്ങളിൽ വളർത്താനും വേണ്ട ജാഗ്രത പുലർത്തിയിരുന്നില്ല. ഫാസിസത്തിൻെറ ഭീകരതകളെയും മുതലാളിത്ത ചൂഷണത്തെയും കുറിച്ച് ഒരനുഭവവും ഇല്ലാതിരുന്ന പുതിയ തലമുറ, ആവശ്യമായ ആശയപര പ്രവർതനത്തിൻെറ അഭാവത്തിൽ പാശ്ചാത്യ സാമ്രാജ്യത്വം അഴിച്ചുവിട്ട പ്രചാരണത്തിൻെറ സ്വാധീനത്തിനും ഉപഭോക്തൃ സമൂഹത്തിൻെറ ആകർഷണവലയത്തിനും ഇരയായി. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിൽ വരുന്ന വളച്ചൊടിക്കലുകൾ മൂലമുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് തൊഴിലാളിവർഗ വീക്ഷണം സ്വീകരിക്കുന്നതിനുപകരം അവർ ബൂർഷ്വാ ലിബറലിസത്തെ ആശ്ലേഷിക്കുന്നതിനുശ്രമിച്ചു. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ഗുരുതരമായ തിരിച്ചടികൾക്ക് ഇതും സഹായകമായി.

## ഗുരുതരമായ തിരിച്ചടി

ഈയിടെ നടന്ന തിരഞ്ഞെടുപ്പുകളിൽ വലതുപക്ഷ പാർടികളും മധ്യമാർഗ പാർടികളും വിജയം കൈവരിക്കുന്നതിൽനിന്ന് ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ശക്തികൾക്കുണ്ടാകുന്ന തിരിച്ചടിയുടെ വ്യാപ്തി മനസ്സിലാക്കാം. സമ്മർദങ്ങൾക്കു വശംവദമായി പാർടിയുടെ പേര് ഉപേക്ഷിക്കുന്നതുകൊണ്ടോ 'കമ്യൂണിസ്റ്റ്' എന്ന വാക്ക് വിട്ടുകളയുന്നതുകൊണ്ടോ ഇതേവരെ ഭരണത്തിലിരുന്ന കമ്യൂണിസ്റ്റ് പാർടികൾക്ക് ജനങ്ങളുടെ വിശ്വാസം നിലനിർതാൻ കഴിഞ്ഞില്ല. ചെങ്കൊടി ഉയർതാൻ ആരും ധൈര്യപ്പെടാത്തവിധം റുമാനിയയിലെ സ്ഥിതി കൂടുതൽ ദുഃഖകരമാണ്.

സാമ്രാജ്യത്വത്തിൻെറ ലോകശക്തികൾ ഈ സ്ഥിതിവിശേഷത്തെ പൂർണമായി ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഈ രാജ്യങ്ങളിലെ പിന്തിരിപ്പൻ ശക്തികൾക്ക് ഇവർ സജീവമായ സഹായ സഹകരണങ്ങൾ നൽകി. അവർ രണ്ടുകൂട്ടരും കൂടി തങ്ങളുടെ സോഷ്യലിസ്റ്റ് ഭൂതകാലത്തെയും അതിൻെറ നേട്ടങ്ങളെയും ഉപേക്ഷിക്കാൻ ജനങ്ങളെ നിർബന്ധിച്ചിരിക്കുന്നു. ശാസ്ത്ര-സാങ്കേതിക വിപ്ലവത്തിൻെറ നേട്ടങ്ങളുടെ ഒരു പങ്ക് വാഗ്ദാനം ചെയ്തുകൊണ്ടും പുതിയ കിഴക്കൻ യൂറോപ്യൻ ഭരണങ്ങൾക്ക് സാമ്പത്തിക പങ്കാളിത്തം വെച്ചുനീട്ടിക്കൊണ്ടും ഈ രാജ്യങ്ങളിൽ മുതലാളിത്തത്തെ പുനഃസ്ഥാപിക്കാൻ സാമ്രാജ്യത്വം തങ്ങളുടെ കഴിവിൻെറ പരമാവധി ശ്രമിച്ചുവരികയാണ്.

സ്ഥിതിഗതികളെ മൂർഛിപ്പിക്കുന്നതിൽ മറ്റ് ഘടകങ്ങളും നിസ്സംശയമായി സംഭാവന ചെയ്തിട്ടുണ്ട്. ഒന്നാമത്, സോഷ്യലിസ്റ്റ് മൂല്യങ്ങളെ അധിക്ഷേപിക്കുന്നതിന് മാധ്യമങ്ങളെ പൂർണമായും ഉപയോഗപ്പെടുത്താൻ സോഷ്യലിസ്റ്റ് വിരുദ്ധ ശക്തികളെ അനുവദിക്കുന്ന സോവിയറ്റ് യൂണിയൻെറ 'ഗ്ലാസ്നസ്ത്' നയം കിഴക്കൻ യൂറോപ്പിലെ ആഭ്യന്തര പിന്തിരിപ്പൻ ശക്തികളെ സോഷ്യലിസത്തിനെതിരെ കടന്നാക്രമണം അഴിച്ചുവിടാൻ പ്രോത്സാഹിപ്പിച്ചു. രണ്ടാമത്, ഈ പാർടികളുടെ പുതിയ നേതൃത്വം ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിലെ നായകരായ പഴയ കമ്യൂണിസ്റ്റ് പാർടി നേതൃത്വത്തിനെതിരെ കടുത്ത ആക്രമണങ്ങൾ അഴിച്ചുവിട്ട രീതി, അവരെ അഴിമതിയുടെ തനി മൂർതീകരണമായി ചിത്രീകരിച്ചത്-പലരുടെയും കാര്യത്തിൽ ആരോപണങ്ങൾ ഇതേവരെ സാധൂകരിക്കപ്പെട്ടിട്ടില്ല-എല്ലാം സോഷ്യലിസത്തിൻെറ ശത്രുതകളുടെ കയ്യിലെ കരുക്കളായിമാറി. സോഷ്യലിസത്തിൻെറ ചരിത്രം നിഷേധിച്ചതും നേതൃത്വത്തെ അധിക്ഷേപിച്ചതും പല രാജ്യങ്ങളിലെയും കമ്യൂണിസ്റ്റ് പാർടികളെക്കുറിച്ച് അവമതിപ്പുണ്ടാകുന്നതിന് ഇടയാക്കി. സോഷ്യലിസത്തിനെതിരായ ഇത്തരം കരുതിക്കൂട്ടിയുള്ള ആക്രമണത്തെ ഏതെങ്കിലും തരത്തിൽ ചെറുക്കുന്നതിൽനിന്നും ആ പാർടികളുടെ അണികളെ നിരായുധരാക്കി.

കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ഈ സംഭവവികാസങ്ങൾ ലോക

സോഷ്യലിസത്തിൻെറ ശക്തികൾക് കനത്ത തിരിച്ചടിയാണ്. ഈ സംഭവവികാസങ്ങൾ 'സോഷ്യലിസത്തിൻെറ നവീകരണം' ആണ് എന്ന സി പി എസ് യുവിൻെറ ധാരണയോട് സി പി ഐ എമ്മിന് വിയോജിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ രാജ്യങ്ങളിലെ തിരിച്ചടിയുടെ ശക്തി കുറച്ചുകാണുന്നത് സാമ്രാജ്യത്വവും പിന്തിരിപ്പൻ ശക്തികളും കൂടി നടത്തുന്ന കടന്നാക്രമണത്തെ ഫലപ്രദമായി നേരിടുന്നതിൽനിന്ന് സാർവദേശീയ തൊഴിലാളിവർഗ പ്രസ്ഥാനത്തെ വഴിതിരിച്ചുവിടുകയേ ഉള്ളു.

## സോവിയറ്റ് യൂണിയനിലെ സംഭവ വികാസങ്ങൾ

സോവിയറ്റ് യൂണിയനിലെ സമീപകാലസംഭവ വികാസങ്ങളെ എങ്ങനെ വിലയിരുത്തണമെന്ന കാഴ്ചപ്പാട് നമ്മുടെ കേന്ദ്രകമ്മറ്റിയുടെ 1988 ആഗസ്ത് പ്രമേയത്തിൽ നൽകിയിട്ടുണ്ട്.

"മാർക്സിസം–ലെനിനിസത്തിൻെറ അടിസ്ഥാനത്തിൽ നിലപാടെടുക്കുന്ന ഒരു പാർടിയെന്ന നിലയിൽ സോഷ്യലിസത്തിൻെറ മുന്നേറ്റത്തിൽ ഏതൊരു രാജ്യത്തും സമ്പദ് വ്യവസ്ഥയും ഭരണവും മുന്നോട്ട് കൊണ്ടുപോകുന്നതിൽ വർധിച്ച ബഹുജന പങ്കാളിത്തം സാധ്യമാക്കുന്ന നടപടികൾ ആവശ്യമാണെന്ന് നാം മനസിലാക്കുന്നു. "എല്ലാ പാചകക്കാരനും ഭരിക്കാൻ പഠിക്കണം"മെന്ന ലെനിൻെറ പ്രസ്താവന വളരുന്ന യാഥാർഥ്യമാകണം.

"ഈ തുടക്കത്തിൻെറ മൂർതമായ രൂപം വികസനത്തിൻെറ വിവിധ ഘട്ടങ്ങളിൽ കൂടുതൽ കൂടുതൽ ജനങ്ങളെ ഉൾപെടുത്തുകയാണ്. ബഹുജനങ്ങളുടെ ബോധപൂർവമായ പങ്കാളിത്തം സാധ്യമാക്കുന്ന നടപടികൾ സ്വാഗതാർഹവും പിന്തുണ അർഹിക്കുന്നതുമാണ്. അനാവശ്യമായ പരിമിതിക്കുള്ളിൽനിന്ന് പൗരന്മാരെ സ്വതന്ത്രരാക്കി സോഷ്യലിസ്റ്റ് സമൂഹത്തിൻെറ പരിധിക്കുള്ളിൽനിന്നുള്ള ആരോഗ്യകരമായ ചർച്ച അനുവദിച്ചാൽ അത് സമൂഹത്തെ ശക്തിപ്പെടുത്തും.

"അങ്ങനെയുള്ള നടപടികളിൽ മാർക്സിസം – ലെനിനിസത്തിൻെറ മാർഗദർശനം കാത്തുസൂക്ഷിക്കുകയും തൊഴിലാളി വർഗത്തിൻെറ മുന്നണിപ്പോരാളിയെന്ന നിലയിലും സമൂഹത്തിൻെറ മുഖ്യശക്തിയെന്ന നിലയിലും പാർടിയുടെ പങ്ക് ഉറപ്പുവരുത്തുകയും ചെയ്താൽ മാത്രമെ എല്ലാ നടപടികളും സമൂഹത്തെ ശക്തമാക്കു. ഇത് മനസിലാക്കുകയും അടിവരയിടുകയും ചെയ്യണം. മുകളിൽ പറഞ്ഞ രണ്ട് ഉപാധികളെക്കൂടാതെ പുതിയ നടപടികളിൽ ജനങ്ങളുടെ സോഷ്യലിസ്റ്റ് സമീപനം ഉറപ്പുവരുത്താനും ഭരണം നടത്തുന്നതിൽ ജനങ്ങളുടെ പങ്കാളിത്തം സാധ്യമാക്കാനും കഴിയില്ല."

ഈ പ്രമേയത്തിനുശേഷം നിരവധി സംഭവവികാസങ്ങൾ അതിവേഗത്തിൽ നടന്നു. സാമ്പത്തിക മേഖലയിൽ പുന:സംഘടനക്കുള്ള പരിശ്രമങ്ങൾ നടത്തിയിട്ടും സാമ്പത്തിക സ്ഥിതി വഷളായി. തികച്ചും ഗുരുതരമായ ഒരു പ്രശ്നം സമാന്തര സമ്പദ്വ്യവസ്ഥയുടെ വളർചയാണ്. ഇത് ജനങ്ങൾക് അവശ്യവസ്തുക്കളും ഉപഭോക്തൃ ചരക്കുകളും ശരിയാംവണ്ണം വിതരണം ചെയ്യുന്നതിനെ തടസ്സപ്പെടുത്തുന്നു. സാമ്പത്തിക മേഖലയിൽ വിവാദപരമായ പുതിയ നടപടികൾ ആരംഭിച്ചിരിക്കയാണ്. വംശീയ പ്രശ്നങ്ങൾ ഗുരുതര സ്വഭാവം ആർജിച്ചിരിക്കുന്നു. വംശങ്ങൾ തമ്മിലുള്ള അക്രമവും ചില പ്രദേശങ്ങളിൽ, പ്രത്യേകിച്ച് ബാൾടിക് റിപ്പബ്ളിക്കുകളിൽ, വിഘടന പ്രസ്ഥാനങ്ങളുടെ ഉദയവും ഉണ്ടായിരിക്കുന്നു. സി പി എസ് യുവിനുള്ളിൽ കേന്ദ്രകമ്മറ്റിയുടെ ഔദ്യോഗിക നയസമീപന രേഖക്കെതിരെ ബദൽ നയസമീപനരേഖകൾ രംഗപ്രവേശം ചെയ്തിരിക്കുന്നു. ഇതൊക്കെ ലോകമെങ്ങുമുള്ള കമ്യൂണിസ്റ്റുകാരിൽ അതിയായ ഉത്കണ്ഠ ജനിപ്പിക്കുന്ന കാര്യങ്ങളാണ്.

## സിപിഎസ്‌യു 27–ാം കോൺഗ്രസ്

സി പി എസ് യു പെരിസ്ത്രോയിക്ക–ഗ്ലാസ്നസ്ത് പ്രക്രിയ 1985 ൽ ആരംഭിച്ചു. വളച്ചൊടിക്കലുകളെ അതിജീവിച്ച് സോഷ്യലിസത്തെ കൂടുതൽ ഉയർന്ന ഘട്ടത്തിലേക്ക് എത്തിക്കാനായി സാമ്പത്തികവും രാഷ്ട്രീയവുമായ മേഖലകളിൽ പരിഷ്കാരം വരുത്തേണ്ടതിന്റെ ആവശ്യകത സി പി ഐ (എം) അംഗീകരിച്ചിരുന്നു. സഖാവ് ഗോർബച്ചോവ് 27–ാം കോൺഗ്രസ് റിപ്പോർടിൽ ചൂണ്ടിക്കാണിച്ചതുപോലെ സൈദ്ധാന്തിക തലത്തിൽ പരിഷ്കാരങ്ങളുടെ ആവശ്യകത ഉയർന്നുവന്നത് ഉൽപാദനശക്തികളും നിലവിലുള്ള ഉൽപാദന ബന്ധങ്ങളും തമ്മിലുള്ള പൊരുത്തമില്ലായ്മയിൽ നിന്നാണ്. ഇവ രണ്ടിനെയും സമരസപ്പെടുത്തുന്നത് സ്വയമേ നടക്കുന്ന കാര്യമല്ല. സാമ്പത്തിക പരിഷ്കാരങ്ങളുടെ ഉദ്ദേശ്യം സമ്പദ് വ്യവസ്ഥയിലെ മാനേജ്മെന്റ് രീതികൾ പൊളിച്ചെഴുതലും ശാസ്ത്രസാങ്കേതിക വിപ്ലവത്തിന്റെ ഏറ്റവും പുതിയ മുന്നേറ്റത്തെ വിനിയോഗിക്കുന്നതിനായി വ്യവസായവും കൃഷിയും പുന:സംഘടിപ്പിക്കലും ഉൽപാദനക്ഷമതയും ഉൽപാദനശക്തികളുടെ വികസനവും ത്വരിതപ്പെടുത്തലുമാണ്. രാഷ്ട്രീയ പരിഷ്കാരങ്ങൾ സോഷ്യലിസ്റ്റ് ജനാധിപത്യത്തിന്റെ ആഴവും പരപ്പും കൂട്ടുന്നതിനുവേണ്ടിയാണ്. കഴിഞ്ഞ കാലത്തെ വൈകല്യങ്ങളെ ദുരീകരിക്കുന്നത് ഭരണകൂടത്തിന്റെ നടത്തിപ്പിൽ പൗരന്മാരുടെ ഏറ്റവും വിപുലമായ പങ്കാളിത്തത്തിനുണ്ടായിരുന്ന തടസം നീക്കുന്നതിനുവേണ്ടിയാണ്. ജനാധിപത്യത്തിന് തൊഴിൽ കൂട്ടുസംരംഭങ്ങളിലും ഉൽപാദനത്തിന്റെ മാനേജ്മെന്റിലും തൊഴിലാളിവർഗത്തിന്റെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പുചെയ്യുക എന്നുകൂടി അർഥമുണ്ട്. കൂടുതൽ വിപുലമായ പങ്കാളിത്തത്തെ തടസപ്പെടുത്തുന്നതും സോഷ്യലിസ്റ്റ് ബോധത്തിന്റെ വളർചക്ക് വിഘാതവുമായ ഉദ്യോഗസ്ഥ മേധാവിത്വപരമായ രീതികൾക് അറുതിവരുത്തേണ്ടത് ഇതിന് ആവശ്യമാണ്.

## മൗലികമായ വ്യതിചലനം

ഈ വീക്ഷണ കോണിൽ നിന്നാണ് പരിഷ്കാരങ്ങൾ സംബന്ധിച്ച് 27–ാം കോൺഗ്രസ് ആവിഷ്കരിച്ച നിലപാടിന് സി പി ഐ (എം) പിന്തുണനൽകിയത്. എന്നാൽ, 28–ാം കോൺഗ്രസിനായി സി പി എസ് യു കേന്ദ്രകമ്മറ്റി തയ്യാറാക്കിയ പുതിയ കരടുനയ പ്രസ്താവന മൗലികമായ ചില മാർക്സിസ്റ്റ്–ലെനിനിസ്റ്റ് നിലപാടുകളിൽനിന്ന് വ്യതിചലിക്കുന്നു. പെരിസ്ത്രോയിക്കയുടെ ആഘാതവും സാർവദേശീയ ബന്ധങ്ങളെക്കുറിച്ചുള്ള സി പി എസ് യുവിന്റെ പുതിയ ചിന്താഗതിയും സോവിയറ്റ് യൂണിയനിൽ മാത്രം ഒതുങ്ങിനിൽകുന്നില്ല. അതുകൊണ്ട് അവയെക്കുറിച്ച് അഭിപ്രായം പറയേണ്ടത് ആവശ്യമാണ്. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിലുള്ള വികൃതപ്പെടുത്തലുകൾ തിരുത്തേണ്ടത് ലോകാടിസ്ഥാനത്തിൽ സോഷ്യലിസത്തിന്റെ ക്രമാനുഗതമായ മുന്നേറ്റത്തിന് അവശ്യമാണ്. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിന്റെ ചരിത്രപരമായ അനുഭവത്തിനും വിപ്ലവപ്രക്രിയയുടെ തുടർച ഉറപ്പുചെയ്യാനും സന്തുലിതമായ സമീപനം വേണ്ടിയിരിക്കുന്നു. പക്ഷെ, കഴിഞ്ഞകാലത്തെ വളച്ചൊടിക്കലുകൾ തിരുത്തുന്നതിന്റെ പേരിൽ മാർക്സിസം – ലെനിനിസത്തിന്റെ മൗലികമായ ആശയസംഹിതയിൽനിന്ന് വ്യതിയാനം വരുത്താനാണ് ഇപ്പോഴത്തെ ശ്രമം.

## സോഷ്യലിസത്തെക്കുറിച്ചുള്ള പുതിയ സങ്കൽപനം

പെരിസ്ത്രോയ്കയുടെ ലക്ഷ്യം 'മനുഷ്യത്വവും ജനാധിപത്യവും' ഉള്ള സോഷ്യലിസമാണ് എന്ന് പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. സോഷ്യലിസത്തിന്റെ കഴിഞ്ഞകാലത്തുണ്ടായ നേട്ടങ്ങൾ ഉപേക്ഷിക്കുന്നതും സോഷ്യലിസ

ത്തെക്കുറിച്ച് ഗുണപരമായി പുതുമയായ സങ്കൽപനം ആയിട്ടാണ് ഇത് അവതരിപ്പിക്കപ്പെടുന്നത്. ആദ്യത്തെ സോഷ്യലിസ്റ്റ് രാജ്യത്ത് സോഷ്യലിസം കെട്ടിപ്പടുക്കുന്നതിന് തൊഴിലാളിവർഗം നടത്തിയ യത്നങ്ങൾ കഴിഞ്ഞ ഏഴുപതിറ്റാണ്ടുകൾ ദർശിച്ചു. ആഭ്യന്തര യുദ്ധവും സാമ്രാജ്യത്വ ഇടപെടലും നേരിട്ടുകൊണ്ടാണ് അത് കെട്ടിപ്പടുത്തത്; ഫാസിസത്തെ തോൽപിക്കാൻ വമ്പിച്ച ത്യാഗം ചെയ്തു; പിന്നോക്ക സാഹചര്യത്തിൽ നിന്നാണ് സോഷ്യലിസം കെട്ടിപ്പടുത്തത്; തൊഴിൽ, വിദ്യാഭ്യാസം; പാർപ്പിടം, ആരോഗ്യം, സാംസ്കാരിക പുരോഗതി എന്നിവയ്ക്കുള്ള അവകാശം ഉറപ്പുചെയ്തു. സോഷ്യലിസത്തിൻെറ ഈ ചരിത്രത്തെ ആ കാലഘട്ടത്തിലെ ചരിത്രത്തിലെ മറ്റ് സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിലാണ് വിലയിരുത്തേണ്ടത്. അതിനുപകരം അവതരിപ്പിക്കപ്പെടുന്നത് മനുഷ്യത്വമില്ലാത്ത സോഷ്യലിസം മനുഷ്യത്വമുള്ളതിലേക്കുള്ള പരിവർതനം നടത്തുകയാണെന്ന ചിത്രമാണ്. കഴിഞ്ഞകാലത്ത് ഊട്ടം കൂടികിടന്ന വൈകല്യങ്ങൾ തിരുത്തലും സോഷ്യലിസത്തിൻെറ മാനവികവും ജനാധിപത്യപരവുമായ ഉള്ളടക്കം ഇനിയും സമ്പുഷ്ടമാക്കാനുള്ള പുതുമകളും ആവശ്യമാണ്. എന്നാൽ, കഴിഞ്ഞകാലത്തെ സോഷ്യലിസത്തെയും അമൂല്യവുമായ എല്ലാറ്റിനെയും നിഷേധിച്ചുകൊണ്ട് ഇത് നടപ്പാക്കാനാവില്ല.

## സാർവത്രിക മാനുഷിക മൂല്യങ്ങളും വർഗമൂല്യങ്ങളും

'പുത്തൻചിന്ത'യുടെ സുപ്രധാന ഭാഗങ്ങളിൽ ഒന്ന് സോവിയറ്റ് കൃതികളിൽ ഊന്നിപ്പറയുന്ന "സാർവത്രിക മാനുഷികമൂല്യങ്ങൾക് വർഗമൂല്യങ്ങളെക്കാൾ മുൻഗണന"യാണ്. അണുയുദ്ധഭീഷണി, തൽഫലമായുണ്ടാകുന്ന മാനവരാശിയുടെ സർവനാശം, ഈ ഗ്രഹത്തെയാകെ നശിപ്പിക്കാവുന്ന പാരിസ്ഥിതികവിപത്ത് എന്നിവമൂലം സാർവത്രിക മാനുഷികമൂല്യങ്ങൾക് വർഗതാൽപര്യങ്ങളെക്കാൾ പ്രാധാന്യമുണ്ടെന്നാണ് അനുമാനം.

അണുയുദ്ധഭീഷണി ഒഴിവാക്കാനും അണ്വായുധങ്ങൾ നശിപ്പിക്കാനും പരിസ്ഥിതിയെ സംരക്ഷിക്കാനും പൊതുധാരണയിലെത്തുന്നതിന് തക്ക പ്രാധാന്യം നൽകേണ്ടതുണ്ട്. മർമപ്രധാനമായ ഈ കാര്യങ്ങളിൽ മാനവരാശിയുടെ താൽപര്യാർഥം കൂട്ടായി പ്രവർതിക്കാൻ കൂടുതൽ സാധ്യതയുണ്ട്. എന്നാൽ ഇതിൽനിന്ന് പൊതുവായ സാർവത്രിക മാനുഷികമൂല്യങ്ങൾ എന്ന സങ്കൽപനം സാമ്രാജ്യത്വം അംഗീകരിച്ചിരിക്കുന്നു എന്ന നിഗമനത്തിലെത്തിക്കൂട. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നത് ഇല്ലായ്മചെയ്യാനും സമൂഹത്തിൽനിന്ന് വർഗങ്ങളെ ഉച്ചാടനംചെയാനുമുള്ള വർഗസമരം സാർവത്രിക മാനുഷികമൂല്യങ്ങൾ സാക്ഷാത്കരിക്കുന്നതിൻെറ അഭേദ്യവും ഏകാത്മകവുമായ ഭാഗമാണെന്ന് മാർക്സിസ്റ്റ് ലോകവീക്ഷണം ഉദ്ഘോഷിക്കുന്നു. അത് മാനുഷിക മൂല്യങ്ങളെയും തൊഴിലാളിവർഗ താൽപര്യങ്ങളെയും ഒരേ ഏകാത്മകപൂർണതയായി കാണുന്നു. അതിനാൽ സാർവത്രിക മാനുഷികമൂല്യങ്ങളെയും വർഗമൂല്യങ്ങളെയും പ്രതിതുലനം ചെയ്യുന്നത് തെറ്റിദ്ധാരണാജനകവും തെറ്റുമാണ്. സമൂഹത്തിൽനിന്ന് വർഗങ്ങളെ ഉച്ചാടനം ചെയ്യുന്നതിലൂടെ മാത്രമെ മാനുഷികമൂല്യങ്ങളെ സാർവത്രികമായി സാക്ഷാത്കരിക്കുന്നത് ഉറപ്പുചെയ്യാനാവൂ. 'ഏകീകൃതലോക' നിയമമെന്ന് പറയുന്നതിൻെറ അടിസ്ഥാനത്തിൽ സാർവത്രിക മാനുഷികമൂല്യങ്ങളെ വർഗമൂല്യങ്ങളുടെ ഉപരി സ്ഥാപിക്കുന്നതുവഴി വർഗസമരത്തിൻെറ പങ്കും മനുഷ്യസമൂഹത്തെക്കുറിച്ച് വർഗാടിസ്ഥാനത്തിലുള്ള വീക്ഷണവും — ചരിത്രപരമായ ഭൗതികവാദം തന്നെ — തള്ളിക്കളയുകയാണ്. ഇത് ഇന്നത്തെ സാമ്രാജ്യത്വത്തിൻെറയും ലോക മുതലാളിത്ത വ്യവസ്ഥയുടെയും സ്വഭാവത്തെക്കുറിച്ച് വ്യാമോഹങ്ങൾ പരത്തുന്നതിലേക്ക് നയിക്കുന്നു.

'പുത്തൻചിന്ത'യെയും സാർവത്രികമാനുഷിക മൂല്യങ്ങൾക് വർഗതാൽപര്യങ്ങളെക്കാൾ മുൻഗണന നൽകുന്നതിനെയും സാധൂകരിക്കുന്നതിന് ഉപയോഗിക്കപ്പെടുന്ന മുഖ്യപ്രശ്നങ്ങളിൽ ഒന്ന് ലെനിനെ ഉദ്ധരിച്ചുകൊണ്ടുള്ളതാണ്. അദ്ദേഹം ഇങ്ങനെ പറഞ്ഞതായി ഉദ്ധരിച്ചിരിക്കുന്നു: "മാർക്സിസത്തിൻെറ മൗലികാശയങ്ങളുടെ വീക്ഷണകോണിൽനിന്ന് സാമൂഹ്യവികസനത്തിൻെറ താൽപര്യങ്ങൾ തൊഴിലാളിവർഗത്തിൻെറ താൽപര്യങ്ങളെക്കാൾ ഉയർന്നതാണ്." സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത ഈ വാചകം 1899ൽ ലെനിൻ എഴുതിയ 'കരടുപരിപാടി'യിൽനിന്ന് എടുത്തതാണ്.

ലെനിൻെറ ലേഖനത്തെ അത് എഴുതിയ ചരിത്രപശ്ചാത്തലത്തിൽ കാണേണ്ടതും പൂർണമായ ഉദ്ധരണി പഠിക്കേണ്ടതുമാണ്. നാടുകടത്തപ്പെട്ട അവസരത്തിലാണ് ലെനിൻ ഈ ലേഖനം എഴുതിയത്. റഷ്യൻ സോഷ്യൽ ഡെമോക്രാറ്റിക് ലേബർപാർടിയുടെ കരട് പരിപാടി ചർച്ച ചെയ്തുകൊണ്ട് അതിൽ എന്ത് അടങ്ങിയിരിക്കണം എന്നാണ് പ്രതിപാദിച്ചിരിക്കുന്നത്. ആ പാർടിയുടെ പരിപാടി കൈകാര്യം ചെയ്യേണ്ട റഷ്യയിലെ സവിശേഷസ്ഥിതി ആ ലേഖനം ചർച്ച ചെയ്യുന്നു. പൂർണമായ ഉദ്ധരണി ഇങ്ങനെയാണ്:

"രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഏകാധിപത്യത്തിനെതിരായ സമരത്തെ തൊഴിലാളിവർഗ പാർടിയുടെ ആദ്യത്തെ രാഷ്ട്രീയകടമയായി അംഗീകരിക്കേണ്ടത് പ്രത്യേകിച്ച് ആവശ്യമാണ്. ഈ കടമയെ വിശദീകരിക്കേണ്ടത് ഇന്നത്തെ റഷ്യൻ ഏകാധിപത്യത്തിൻെറ വർഗസ്വഭാവവും അതിനെ പരാജയപ്പെടുത്തേണ്ടതിൻെറ ആവശ്യകതയും വ്യക്തമാക്കിക്കൊണ്ടാകണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇത് പറയുന്നത് തൊഴിലാളിവർഗത്തിൻെറ താൽപര്യംവെച്ച് മാത്രമല്ല, മൊത്തത്തിൽ സാമൂഹ്യപുരോഗതിയുടെ താൽപര്യം വെച്ചുകൊണ്ടുകൂടിയാണ്. ഇത്തരം ഒരു വിശദീകരണം സൈദ്ധാന്തികമായും പ്രായോഗികമായും അവശ്യം ആവശ്യമാണ്. സൈദ്ധാന്തികമായി, മാർക്സിസത്തിൻെറ അടിസ്ഥാനാശയങ്ങളുടെ വീക്ഷണകോണിൽനിന്ന് നോക്കുമ്പോൾ സാമൂഹ്യപുരോഗതിയുടെ താൽപര്യങ്ങൾ തൊഴിലാളിവർഗത്തിൻെറ താൽപര്യങ്ങളെക്കാൾ ഉയർന്നതാണ്. തൊഴിലാളിവർഗത്തിൻെറ മൊത്തത്തിലുള്ള താൽപര്യങ്ങൾ തൊഴിലാളികളുടെ ഒരു പ്രത്യേക വിഭാഗത്തിൻെറയോ പ്രസ്ഥാനത്തിൻെറ ഒരു പ്രത്യേകഘട്ടത്തിൻെറയോ താൽപര്യങ്ങളെക്കാൾ ഉയർന്നതാണ്. പ്രായോഗികമായി ഈ വിശദീകരണം അവശ്യം ആവശ്യമാണ്. കാരണം സോഷ്യൽ ഡെമോക്രാറ്റിക് പ്രവർത്തനത്തിൻെറ എല്ലാ വൈവിധ്യങ്ങളും — പ്രചാരണം, പ്രക്ഷോഭം, സംഘടന — എന്തിൻെറ ലക്ഷ്യമാക്കണമോ, ഏതിനുചുറ്റും ആണോ അതിനെ കേന്ദ്രീകരിക്കേണ്ടത് ആ കേന്ദ്രബിന്ദുവിൻെറ സ്വഭാവം എടുത്തുപറയേണ്ടതുണ്ട്."

ഈ ഉദ്ധരിണിയിൽ നിന്ന് ലെനിൻ സ്ഥാപിക്കാൻ ശ്രമിച്ച കാര്യം വ്യക്തമാണ്. സാറിസ്റ്റ് ഏകാധിപത്യത്തെ പരാജയപ്പെടുത്താനുള്ള സമരത്തിൽ ഈ വ്യവസ്ഥ അടിച്ചമർത്തുന്ന സകല സാമൂഹ്യശക്തികളെയും അണിനിരത്തേണ്ടതുണ്ട്. റഷ്യയുടെ വിപ്ലവപ്രസ്ഥാനത്തിൻെറ ഈ ഘട്ടത്തിൽ ഏകാധിപത്യത്തെ പരാജയപ്പെടുത്തേണ്ട ഈ സമരത്തെ റഷ്യൻ സമൂഹത്തിൻെറ ഭാവി സാമൂഹ്യവികസനത്തിന് ആവശ്യമായ ആ സമൂഹത്തിൻെറയാകെ താൽപര്യങ്ങളുമായി താദാത്മ്യപ്പെടുത്തേണ്ടതാണ്. ഈ കടമയിൽ റഷ്യൻതൊഴിലാളിവർഗത്തിൻെറ താൽപര്യം റഷ്യയുടെ സാമൂഹ്യവികസനത്തിൻെറ മൊത്തം താൽപര്യങ്ങളിൽ അടങ്ങിയിരിക്കുന്നു. റഷ്യൻ സമൂഹത്തിലെ മുന്നണിവർഗം എന്ന നിലയിൽ തൊഴിലാളിവർഗം ഏകാധിപത്യത്തെ പരാജയപ്പെടുത്തുകയും രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെടുക്കുകയുംചെയ്യുക എന്ന ആവശ്യം — ഇത് റഷ്യയുടെ 'സാമൂഹ്യവികസന'ത്തിൻെറ താൽപര്യാർഥമുള്ള ലക്ഷ്യമാണ് — ഉന്നയിക്കുന്നവരുടെ നേതൃത്വം ഏറ്റെടുക്കണം. സാമൂഹ്യമുന്നേറ്റവും വിമോചനവും കൈവരിക്കുന്നതിൽ മുന്നണിപ്പട എന്ന നിലയിലുള്ള തൊഴിലാളിവർഗത്തിൻെറ താൽപര്യം പൊതുമാനുഷികമൂല്യങ്ങളും വർഗതാൽപര്യ

ങ്ങളും തമ്മിലുള്ള യഥാർഥബന്ധത്തെ ഉൾകൊള്ളുന്നു. സന്ദർഭത്തിൽനിന്ന് ഊരിയെടുത്ത് ഉദ്ധരിച്ച ഈ വാചകം ഇന്നത്തെ ലോകസാഹചര്യത്തിൽ പ്രയോഗിക്കുമ്പോൾ സാർവത്രിക മാനുഷികമൂല്യങ്ങൾക് വർഗതാൽപര്യത്തെക്കാൾ മുൻഗണനയുണ്ട് എന്ന സങ്കൽപനത്തെ സാധൂകരിക്കാനാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് സമൂഹത്തിന്റെ സാമൂഹ്യപരിവർതനത്തിൽ വർഗസമരത്തിന്റെ പങ്കിനെ അട്ടിമറിക്കുന്നതിലേക്കാണ് നയിക്കുന്നത്.

കരട് നയപ്രസ്താവനയിൽ ഇങ്ങനെ പറയുന്നു: "തൊഴിലാളിവർഗത്തിന്റെയും അധ്വാനിക്കുന്ന ജനങ്ങളുടെയും നിലപാടുകളിൽ ഉറച്ചുനിൽകവെ തന്നെ ദേശീയവും സാർവത്രികവുമായ മാനുഷികമൂല്യങ്ങളെ എതിർത്ത ലളിതവൽകരിക്കപ്പെട്ട വർഗസമീപനം ഞങ്ങൾ ഉപേക്ഷിക്കുന്നു." ലളിതവൽകരിക്കപ്പെട്ട ഒരു സമീപനം ഉപേക്ഷിക്കുന്നതിന്റെ പേരിലാണ് വർഗസമീപനം ഉപേക്ഷിക്കാൻ ശ്രമിച്ചിരിക്കുന്നത്.

ഇത് തൊഴിലാളിവർഗ സാർവദേശീയ നിലപാടിനെ അട്ടിമറിക്കുന്ന ഒരു കാഴ്ചപ്പാടാണ്. തൊഴിലാളിവർഗത്തിന്റെ ആഗോളസമരത്തിൽ അത് ഒരു ഔത്സുക്യവും പ്രകടിപ്പിക്കുന്നില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന ജനാധിപത്യത്തിനും സാമൂഹ്യമോചനത്തിനും വേണ്ടിയും സാമ്രാജ്യത്വത്തിനും പുത്തൻ കൊളോണിയലിസത്തിനും എതിരായുമുള്ള മർമപ്രധാന പോരാട്ടങ്ങളെക്കുറിച്ച് സോവിയറ്റ് രചനകൾ ഫലത്തിൽ മൗനം ദീക്ഷിക്കുന്നു. ലെനിൻ ആവർതിച്ച് പറഞ്ഞിട്ടുള്ളതുപോലെ തൊഴിലാളിവർഗ സാർവദേശീയത എന്നാൽ എല്ലാ രാജ്യങ്ങളിലെയും തൊഴിലാളിവർഗവുമായും ദേശീയ മോചനത്തിന് വേണ്ടി പൊരുതുന്ന ജനതകളുമായും സാമ്രാജ്യവിരുദ്ധ സമരങ്ങളുമായും ഐക്യദാർഢ്യം പ്രകടിപ്പിക്കലാണ്. സാർവത്രിക മാനവികമൂല്യങ്ങളെ വർഗമൂല്യങ്ങളോട് പ്രതിതുലനം ചെയ്യുന്ന തെറ്റായ കാഴ്ചപ്പാട് ഈ സാർവദേശീയ കടമയെ അവഗണിക്കുന്നതിൽ ചെന്നെത്തുന്നു.

## അരാഷ്ട്രീയവൽകരണം സാമ്രാജ്യവിരോധത്തെ നിഷേധിക്കുന്നു

കൂടാതെ, സോവിയറ്റ് രചനകളിൽ "ഭരണകൂട നിലവാരത്തിലുള്ള ബന്ധങ്ങൾ അരാഷ്ട്രീയവൽകരിക്കു"ന്നതിനെക്കുറിച്ച് നിരന്തര പരാമർശമുണ്ട്. മാനവരാശിയാകെ പൊതുവായി നേരിടുന്ന അണുയുദ്ധവിപത്ത് പോലുള്ള മർമപ്രധാന കടമകൾ നിറവേറ്റുന്നതിന് വിവിധ സാമൂഹ്യവ്യവസ്ഥകളുള്ള രാജ്യങ്ങൾ തമ്മിൽ ഭരണകൂടനിലവാരത്തിലുള്ള ബന്ധം മെച്ചപ്പെടുന്നത് ഇതിന്റെ ഒരു വശമാണ്. ഇത് സമാധാനപരമായ സഹവർതിത്വം സംബന്ധിച്ച ലെനിന്റെ സങ്കൽപനത്തെ അടിസ്ഥാനമാക്കിയുള്ള കാഴ്ചപ്പാട് അനുസരിച്ചുള്ളതാണ്. എന്നാൽ, ഭരണകൂടങ്ങൾ തമ്മിലുള്ള ബന്ധത്തെ അരാഷ്ട്രീയവൽകരിക്കുക എന്ന് പറഞ്ഞാൽ സോഷ്യലിസ്റ്റ് ഭരണകൂടത്തെയും സാർവദേശീയ തൊഴിലാളിവർഗ പ്രസ്ഥാനത്തെയും ആശയപരമായ അടിത്തറയുടെ കാര്യത്തിൽ നിരായുധമാക്കലാണ്. ഈ അടിത്തറയാണ് ഭരണകൂട നിലവാരത്തിലുള്ള ബന്ധത്തിന്റെ തത്വത്തിന് തന്നെ വഴികാട്ടി. ഈ പോക്ക് സാമ്രാജ്യവിരുദ്ധ നിലപാടിനെ നിഷേധിക്കുന്നു.

കരട്നയപ്രസ്താവന ആഗോള സാമ്രാജ്യത്വത്തിന്റെ അസ്തിത്വവും ഇന്ന് അതിൽനിന്നുള്ള ഭീഷണിയും അംഗീകരിക്കുന്നില്ല. അതിന്റെ വിദേശകാര്യവിഭാഗത്തിൽ "സുരക്ഷിതവും പരിഷ്കൃതവുമായ ലോകക്രമം കെട്ടിപ്പടുക്കാനുള്ള "ശ്രമങ്ങളെക്കുറിച്ച് പരാമർശമുണ്ട്. സാമ്രാജ്യത്വ രാജ്യങ്ങളുമായി "സന്തുലിത താൽപര്യങ്ങൾ എന്ന തത്വ"ത്തിനുവേണ്ടി അത് വാദിക്കുന്നു. അത് പ്രാദേശിക സംഘട്ടനങ്ങൾ പരിഹരിക്കുന്നതിനെയും രാജ്യങ്ങൾ അവയുടെ സ്വാതന്ത്ര്യം പുറത്തുനിന്നുള്ള ഇടപെടലിൽനിന്ന് കാത്തുരക്ഷിക്കുന്നതി

നെയും സൈനികസ്വഭാവം ഇല്ലാതാക്കുന്നതിനെയും ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ വളർന്നുവരുന്ന വമ്പിച്ച അസമത്വങ്ങൾക് അറുതി വരുത്തുന്നതിനെയും കുറിച്ചൊക്കെ അതിൽ പറയുന്നുണ്ട്. പക്ഷെ ഇതൊക്കെ ചെയ്യുന്നത് സാമ്രാജ്യത്വം നിലനിൽകുന്നതിനെയും അതിൻെറ കുതന്ത്രങ്ങളെയും കുറിച്ച് ഒരു പരാമർശവും നടത്താതെയാണ്.

## സോഷ്യലിസത്തിന് കീഴിൽ ഭരണകൂടത്തിൻെറ വർഗസ്വഭാവം

സോഷ്യലിസത്തിൽനിന്ന് കമ്യൂണിസത്തിലേക്കുള്ള പരിവർത്തനഘട്ടത്തിൽ തൊഴിലാളിവർഗ സർവാധിപത്യം ലെനിൻ ചൂണ്ടിക്കാണിച്ചതുപോലെ "രാഷ്ട്രീയരൂപങ്ങളുടെ വലിയ ബാഹുല്യവും വൈവിധ്യവും പ്രദാനം ചെയ്തേക്കാം." തൊഴിലാളിവർഗ ഭരണകൂടത്തിൻെറ രൂപങ്ങൾ മാറിക്കൊണ്ടിരിക്കുകയും സോഷ്യലിസ്റ്റ് വിപ്ലവത്തെ കാത്തുരക്ഷിക്കുകയും അരക്കിട്ടുറപ്പിക്കുകയും ചെയ്യുന്നതുമുതൽ സോഷ്യലിസം കെട്ടിപ്പടുക്കുന്ന സങ്കീർണമായ പ്രക്രിയവരെയുള്ള വിവിധ ഘട്ടങ്ങളിലൂടെ അത് കടന്നുപോകുകയും ചെയ്യും. സോഷ്യലിസത്തിൻകീഴിലുള്ള ഭരണകൂടത്തിൻെറ രൂപമെന്തായണെങ്കിലും അതിൻെറ സത്ത തൊഴിലാളിവർഗ സ്വഭാവമാണെന്ന വസ്തുത ഓർകേണ്ടത് മർമപ്രധാനമാണ്. കഴിഞ്ഞകാലത്തെ വളച്ചൊടിക്കലുകളെ തിരുത്തുന്നതിൻെറ പേരിൽ ഭരണകൂടത്തിൻെറ വർഗസ്വഭാവം ഉപേക്ഷിക്കപ്പെടുകയാണ്.

ഭരണകൂടത്തിൻെറ വർഗസ്വഭാവം ഉപേക്ഷിക്കുന്നത് വിപ്ലവത്തെതന്നെ ഉപേക്ഷിക്കുന്നതിനുസമമാണ്. കരടുനയ പ്രസ്താവന പ്രഖ്യാപിക്കുന്നു. "മുഴുവൻ ജനങ്ങളുടെയും നിയമവാഴ്ചാഭരണകൂടത്തിൽ ഏതെങ്കിലും വർഗത്തിൻെറ സർവാധിപത്യത്തിനോ മാനേജ്മെൻറ് ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ അധികാരത്തിനോ അത്രത്തോളമെങ്കിലുമോ സ്ഥാനമില്ല." സോഷ്യലിസത്തിൻകീഴിൽ തൊഴിലാളിവർഗ സർവാധിപത്യം എന്നാൽ മറ്റ് ജനവിഭാഗങ്ങളുടെമേലുള്ള തൊഴിലാളിവർഗത്തിൻെറ സർവാധിപത്യമാണ് എന്നു തോന്നുമാറ് തെറ്റായി ചിത്രീകരിച്ചിരിക്കുന്നു. എന്നാൽ തൊഴിലാളിവർഗ ഭരണകൂടാധികാരം രാജ്യത്തിനകത്തും പുറത്തുമുള്ള വർഗ ശത്രുക്കൾകെതിരായി അണിനിരക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. സോഷ്യലിസത്തിൽനിന്ന് കമ്യൂണിസത്തിലേക്കുള്ള പരിവർത്തനഘട്ടത്തിലാകെ ഭരണകൂടത്തിനു തൊഴിലാളിവർഗ സർവാധിപത്യമാകാനേ കഴിയു എന്ന് 'ഗോഥാ പരിപാടിയുടെ വിമർശന'ത്തിൽ മാർക്സ് പ്രസ്താവിച്ചിട്ടുണ്ട്. ലെനിൻ ഇതിനെ ഇങ്ങനെ കൂടുതൽ വിശദീകരിച്ചു: സോഷ്യലിസം കെട്ടിപ്പടുക്കുന്നതിൽ തൊഴിലാളിവർഗത്തിനുള്ള നേതൃത്വപരമായ പങ്ക് തൊഴിലാളിവർഗ സർവാധിപത്യത്തിൽ അടങ്ങിയിരിക്കുന്നു. സോഷ്യലിസ്റ്റ് സ്വത്തിൽനിന്ന് ഉദ്ഭൂതമാകുന്ന ബോധത്തിൻെറ വിവിധ നിലവാരങ്ങളുള്ള വിഭാഗങ്ങൾ ജനങ്ങൾകിടയിൽ ഉണ്ടായിരിക്കുന്നിടത്തോളംകാലം ഇതായിരിക്കും സ്ഥിതി.

## പാർടിയുടെ നേതൃത്വപരമായ പങ്ക്

തൊഴിലാളിവർഗ ഭരണകൂടത്തിൻെറയും അതിൻെറ നടത്തിപ്പിൻെറയും രൂപങ്ങളിൽ കടന്നുകൂടിയിരിക്കുന്ന വളച്ചൊടിക്കലുകളെ ഭരണകൂടത്തിൻെറ വർഗസ്വഭാവത്തെ തന്നെ ഉപേക്ഷിച്ചുകൊണ്ട് തിരുത്താനാവില്ല. സോഷ്യലിസ്റ്റ് വ്യവസ്ഥയെ ഇനിയും ശക്തിപ്പെടുത്തുന്നതിന് ഭരണകൂടാധികാരത്തിൻെറയും അതിൻെറ സ്ഥാപനങ്ങളുടെയും പുതിയ രൂപങ്ങൾക് ഏറ്റവും വിശാലമായ സോഷ്യലിസ്റ്റ് ജനാധിപത്യം ആവശ്യമാണ്. വീക്ഷണ വൈ

വിധ്യവും ഭിന്നാഭിപ്രായങ്ങളും സോഷ്യലിസ്റ്റ് ചട്ടക്കൂട്ടിൽ സ്ഥാപനപരമായി പ്രോത്സാഹിക്കപ്പെടുകയും അവകാശങ്ങളെന്ന നിലയിൽ ഉറപ്പുചെയ്യപ്പെടുകയും വേണം. ഈ പ്രക്രിയയിൽ പാർടിയുടെ നേതൃത്വപരമായ പങ്ക് നിഷേധിക്കാനാവുകയില്ല. ഈ സന്ദർഭത്തിൽ ബഹുകക്ഷി സമ്പ്രദായത്തെ വിപ്ലവ പ്രക്രിയയിൽ വിവിധ വർഗങ്ങൾകുള്ള പങ്കുമായി ബന്ധപ്പെടുത്താതിരിക്കാനാവില്ല. ചില രാജ്യങ്ങളിൽ തൊഴിലാളിവർഗ പാർടി ചരിത്രപരമായി വിപ്ലവത്തിൻെറ മുന്നണിപ്പടയായി രംഗ പ്രവേശം ചെയ്തു. മറ്റ് വർഗങ്ങളും അവയുമായി ബന്ധപ്പെട്ട പാർടികളും വിപ്ലവത്തെ വഞ്ചിച്ചപ്പോൾ കമ്യൂണിസ്റ്റ് പാർടി വിപ്ലവത്തെ വിജയത്തിലെത്തിച്ചു. അതിൻെറ നേതൃത്വപരമായ പങ്ക് വിപ്ലവത്തിന് അതു മുൻനിന്നു പ്രവർത്തിച്ചതുവഴി ലഭിച്ചതാണ്. ജനകീയ ചൈനാ റിപ്പബ്ളിക്ക്പോലുള്ള ചില രാജ്യങ്ങളിൽ വിപ്ലവത്തെ അനുകൂലിച്ച ചില പാർടികൾക് പുതിയ സംവിധാനത്തിൽ സ്ഥാനം ലഭിച്ചു. തൊഴിലാളിവർഗ പാർടിയുടെ നേതൃത്വപരമായ പങ്കിനെ അട്ടിമറിക്കുന്നതും സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ അടിത്തറയെ തന്നെ പിടിച്ചിളക്കുന്നതുമായ ശക്തികളെ ഉയർതിക്കൊണ്ടുവരുന്നതുമായ 'ബഹുകക്ഷി സമ്പ്രദായം' എന്ന സങ്കൽപനം സോഷ്യലിസ്റ്റ് ജനാധിപത്യത്തിൻെറ വികസനത്തിന് ഹാനികരമായിരിക്കും.

സോഷ്യലിസത്തിൻെറ കാലഘട്ടത്തിലാകെ പാർടിയുടെയും തൊഴിലാളിവർഗത്തിൻെറയും നേതൃത്വപരമായ പങ്ക് ആവശ്യമാണ്. ഭരണകൂടത്തിൻെറയും സമ്പദ് വ്യവസ്ഥയുടെയും നടത്തിപ്പിൽ പാർടി വർഗത്തിന് പകരം നിന്നുകൂട; പകരം നിൽകാനാവുകയുമില്ല. ഭരണകൂടത്തിൻെറ നടത്തിപ്പിൽ വർഗത്തിൻെറ സ്ഥാനം പാർടി ഏറ്റെടുത്തുകൊണ്ട് ഗൗരവമായ വളച്ചൊടിക്കലുകൾക് ഇടവരുത്തിയിട്ടുണ്ട്. ഈ വളച്ചൊടിക്കലിനെ വിമർശിക്കുകയും തിരുത്തുകയും ചെയ്യുമ്പോൾ സോഷ്യലിസ്റ്റ് മുന്നേറ്റത്തിനുവേണ്ടിയുള്ള ഏത് പരിഷ്കാരവും നടപ്പാക്കാൻ പാർടിയുടെ നേതൃത്വപരമായ പങ്ക് പരിരക്ഷിച്ചാൽ മാത്രമെ കഴിയു എന്ന് ഓർകേണ്ടതുണ്ട്. ഭരണഘടനാപരമായ നിബന്ധനകളിലൂടെ അടിച്ചേൽപിച്ചുകൊണ്ട് തൊഴിലാളിവർഗ ഭരണകൂടവും പാർടിയും തമ്മിലുള്ള ശരിയായ ബന്ധമായി പാർടിയുടെ നേതൃത്വപരമായ പങ്കിനെ മാറ്റിത്തീർകാനാവില്ല. നേതൃത്വപരമായ പങ്കിനെക്കുറിച്ചുള്ള ലെനിനിസ്റ്റ് സങ്കൽപനം പാർടി ജനങ്ങൾകിടയിൽ നടത്തുന്ന ആശയപരവും രാഷ്ട്രീയവും സംഘടനാപരവുമായ പ്രവർതനത്തിലൂടെ നേടിയെടുക്കുന്ന ഒന്നാണ്.

## സോഷ്യലിസ്റ്റ് ജനാധിപത്യവും ഗ്ളാസ്നസ്തും

സമൂഹവൽകൃതമായ ഉൽപാദനോപാധികളും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കലും ഉൾകൊള്ളിച്ചുകൊണ്ടുള്ള സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ രൂപീകരണം ജനാധിപത്യം ഏറ്റവും വിപുലമായ തോതിൽ നടപ്പാക്കുന്നതിനുള്ള ഭൗതികാടിത്തറ പാകുന്നു. ജനങ്ങൾ ബൂർഷ്വാ ജനാധിപത്യത്തിനുകീഴിൽ കൈവരിച്ച ജനാധിപത്യ മൂല്യങ്ങളും കീഴ്വഴക്കങ്ങളും സോഷ്യലിസം നിഷേധിക്കുന്നില്ല. മുന്നോട്ടുകൊണ്ടുപോകുന്നേയുള്ളു.

ബൂർഷ്വാഭരണകൂടം സാരാംശത്തിൽ ചൂഷിതഭൂരിപക്ഷത്തിനുമേൽ ചൂഷക ന്യൂനപക്ഷം നടത്തുന്ന വാഴ്ചയാണെന്ന വസ്തുത തഴഞ്ഞുകളയുകയാണ് സോഷ്യലിസം നൈസർഗികമായി ജനാധിപത്യവിരുദ്ധമാണെന്ന് അധിക്ഷേപിക്കുന്ന ബൂർഷ്വാ വിമർശകർ ചെയ്യുന്നത്. സാമ്പത്തിക മോചനമില്ലെങ്കിൽ ജനാധിപത്യം ക്ഷയിച്ചുപോകും. തുല്യതയുടെയും ജനാധിപത്യത്തിൻെറയും അടിത്തറ പാകവെ, സോഷ്യലിസത്തിനും തൊഴിലാളിവർഗ ഭര

ണകൂടത്തിനും ആദ്യഘട്ടത്തിൽ പ്രതിവിപ്ലവത്തെ അടിച്ചമർത്താനും ചൂഷകശക്തികളെ ഇല്ലായ്മചെയ്യാനും തൊഴിലാളിവർഗാധികാരം പ്രയോഗിക്കേണ്ടിവന്നിട്ടുണ്ട്. ഇതിന് ഭരണകൂടത്തിൻെറ കേന്ദ്രീകൃതമായ ഒരു സംവിധാനം ആവശ്യമായിരുന്നു. ആസൂത്രിത സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും അത്തരമൊരു സംവിധാനം ഒഴിച്ചുകൂടാനാവാത്തതായിരുന്നു.

ഈ ഘട്ടം കഴിയുന്നതോടെ, സോഷ്യലിസ്റ്റ് ഭരണകൂടത്തിൻെറയും സോഷ്യലിസ്റ്റ് വ്യവസ്ഥയുടെയും അടിയുറയ്ക്കുന്നതോടെ, ജനാധിപത്യം, വ്യക്തിഗത മുൻകൈ സ്വാതന്ത്ര്യങ്ങൾ എന്നിവ വിശാലമാക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സോഷ്യലിസ്റ്റ് ജനാധിപത്യം അതിന് അനുസൃതമായി കൂടുതൽ സമ്പന്നവും ആഴമേറിയതുമായിതീരുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ വളർച്ചക്കൊപ്പം വ്യക്തി സ്വാതന്ത്ര്യങ്ങൾകും ജനകീയ പങ്കാളിത്തത്തിനുമുള്ള വമ്പിച്ച സാധ്യതകൾ ഉയർന്നുവരുന്നു. അത്തരമൊരു സോഷ്യലിസ്റ്റ് ജനാധിപത്യം ബൂർഷ്വാ രാജ്യങ്ങളിൽ കാണപ്പെടുന്ന ജനാധിപത്യത്തെക്കാൾ ഗുണപരമായി മേന്മയേറിയതാണ്. ബൂർഷ്വാജനാധിപത്യത്തെ സാമ്പത്തികാസമത്വങ്ങൾ പരിമിതപ്പെടുത്തുകയും തടസപ്പെടുത്തുകയും ചെയ്യുന്നു.

എന്നാൽ, സോഷ്യലിസ്റ്റ് ജനാധിപത്യത്തിൻെറ വളർചയിൽ വിരൂപപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഭരണകൂട സംവിധാനം നടത്തിയിരുന്ന രീതികൾ പിന്നീടുള്ള ഘട്ടത്തിലും തുടർന്നു. സോഷ്യലിസ്റ്റ് വികസനത്തിൻെറ പുതിയ ഘട്ടവും ആ സ്ഥിതിവിശേഷത്തിലെ ഭരണകൂടത്തിൻെറ സംഗതമായ പ്രവർത്തനവും തിരിച്ചറിയുന്നതിൽ വീഴ്ചയുണ്ടായി. ഇതിൻെറ പരിണതഫലം ഉൾപാർടി ജനാധിപത്യത്തിൻെറയും സോഷ്യലിസ്റ്റ് നിയമസാധുതയുടെയും കടുത്ത ലംഘനങ്ങളായിരുന്നു. ഇത് ഉദ്യോഗസ്ഥ മേധാവിത്വം ശക്തിപ്പെടുന്നതിലേക്കും വ്യക്തിയുടെ സ്വാതന്ത്ര്യവും മുൻകയ്യും പരിമിതപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്യുന്നതിലേക്കും നയിച്ചു.

ലെനിൻ ഇതുസംബന്ധിച്ച് സംഗതമായ ഇങ്ങനെയൊരു അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട് "ഈ പുതിയ വർഗം ഗവർമെണ്ടിൻെറ രാഷ്ട്രീയപ്രവർത്തനത്തിൽനിന്ന് പഠിച്ചാൽമാത്രമെ സോഷ്യലിസ്റ്റ് വിപ്ലവം ദീർഘകാലത്തേക്ക് നിലനിൽകുകയുള്ളു. അത് ഈ പ്രവർത്തനത്തിനുവേണ്ടി വിപുലമായ വിഭാഗം അധ്വാനിക്കുന്ന ജനങ്ങളെ അണി ചേർകുമ്പോൾ മാത്രമെ, രാജ്യം ഭരിക്കുകയും നിയമസമാധാനം പാലിക്കുകയും ചെയ്യുന്ന ജോലിയോട് എളുപ്പത്തിൽ സ്വയം പൊരുത്തപ്പെടാൻ എല്ലാ അധ്വാനിക്കുന്ന ജനങ്ങളെയും പ്രാപ്തരാക്കുന്ന രൂപങ്ങൾ അത് ജാഗ്രതയോടെ നടപ്പാക്കുമ്പോഴേ, ഈ നിബന്ധന പാലിക്കുമ്പോൾ മാത്രമെ സോഷ്യലിസ്റ്റ് വിപ്ലവം നീണ്ടുനിൽകുകയുള്ളു".

അതിനാൽ സോഷ്യലിസ്റ്റ് ജനാധിപത്യത്തിൻെറ ആഴം കൂട്ടാനുള്ള നടപടികൾ ആവശ്യമാണ്. പൗരന്മാർക് ജനാധിപത്യാവകാശങ്ങൾ പ്രയോഗിക്കാനും വിമർശനാവകാശം കാത്തുരക്ഷിക്കാനും അവ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കും. ഭരണകൂടവും ഭരണവും സമ്പദ് വ്യവസ്ഥയും പ്രവർത്തിപ്പിക്കുന്നതിൽ സ്വയംഭരണവും തൊഴിൽകൂട്ടവും (കളക്ടീവ്) വഴിയുള്ള ജനങ്ങളുടെ ഏറ്റവും വിപുലമായ പങ്കാളിത്തം ഒഴിച്ചുകൂടാനാവാത്തതാണ്. സോഷ്യലിസത്തിൻെറ മുന്നേറ്റത്തിന് സോഷ്യലിസ്റ്റ് ജനാധിപത്യത്തെ സമ്പുഷ്ടവും ശക്തവുമാക്കുന്ന രാഷ്ട്രീയ ഘടനാ പരിഷ്കാരങ്ങളും ഭരണകൂട സ്ഥാപനങ്ങളുടെ പരിഷ്കാരവും ആവശ്യമാണ്.

## സോഷ്യലിസത്തിൻെറ ഭൂതകാലത്തെ കരിതേച്ചുകാട്ടൽ

എന്നാൽ സോവിയറ്റ് യൂണിയനിൽ ഗ്ലാസ്നസ്ത് പ്രയോഗിച്ച രീതിക്ക്

നിഷേധാത്മക വശങ്ങളുണ്ട്. ജനാധിപത്യത്തെ വിപുലമാക്കുന്നതിന്റെയും രാഷ്ട്രീയ പരിഷ്കാരങ്ങളുടെയും പേരിൽ സോഷ്യലിസത്തിന്റെ ഭൂതകാലത്തെ അധിക്ഷേപിക്കുകയും കമ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വപരമായ പങ്കിനെ അട്ടിമറിക്കുകയും ബൂർഷ്വാ ജനാധിപത്യത്തെ പാടിപ്പുകഴ്ത്തുകയും ചെയ്യുന്ന ആഴത്തിൽ വേരോട്ടമുള്ള പല പ്രവണതകളും വളർന്നുവന്നിട്ടുണ്ട്. ശരിയായ പാഠങ്ങൾ പഠിക്കാനായി കഴിഞ്ഞകാലത്തെ വിമർശന ബുദ്ധിയോടെ അവലോകനം ചെയ്യേണ്ടതുണ്ട്. എന്നാൽ ഗ്ലാസ്നസ്തിന്റെ പേരിൽ സോവിയറ്റ് രചനകളിൽ ചെയ്യുന്നത് കഴിഞ്ഞ ഏഴുദശകങ്ങളിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ നേട്ടങ്ങളെ തീർത്തും കരിതേച്ചുകാണിക്കലാണ്. 1988 ആഗസ്തിലെ സിസി പ്രമേയം ശരിയായി പ്രസ്താവിച്ചു: "വൈകല്യങ്ങളെയും, വ്യതിയാനങ്ങളെയും വൈകൃതങ്ങളെയും വിമർശിക്കുമ്പോൾ ഈ നേട്ടങ്ങളെ അവഗണിക്കുകയും ഭാവിയെ ശരിയായി കാണാതിരിക്കുകയും പുതിയ ജനാധിപത്യ പരിഷ്കാരങ്ങളെ ഭൂതകാല തൊഴിലാളി വർഗ ചരിത്രത്തിൽ നിന്ന് ബന്ധം വിടർതുകയുംചെയ്യുന്ന വീക്ഷണമാണ് കാണുന്നത്. വ്യതിയാനങ്ങളും വൈകല്യങ്ങളും ന്യൂനതകളും ചർചചെയ്യുമ്പോൾ ഭൂതകാലത്തെക്കുറിച്ചുള്ള നിഷേധാത്മകമായ സമീപനം ഭാവിയെ വികൃതമാക്കുന്നു." ഇങ്ങനെ ചെയ്യുന്നത് തൊഴിലാളിവർഗത്തെയും സോഷ്യലിസത്തിന്റെ ശക്തികളെയും സോഷ്യലിസത്തിന്റെ ചരിത്രപരമായ അനുഭവങ്ങളിൽനിന്ന് അകറ്റുകയും ഭാവിയിലെ അതിന്റെ വിപ്ലവ മുന്നേറ്റത്തെ തടുക്കുകയും ആയിരിക്കും.

കൂടാതെ, ഗ്ലാസ്നസ്തിനുകീഴിൽ സോഷ്യലിസ്റ്റ് വിരുദ്ധവും മാർക്സിസ്റ്റ് വിരുദ്ധവുമായ പ്രചരണം തഴച്ചുവളരുന്നു. എന്നാൽ ഇത്തരം വീക്ഷണങ്ങളെ ജനങ്ങളുടെ മുമ്പാകെ ഫലപ്രദമായി ഖണ്ഡിക്കുന്നതിനും മാർക്സിസ്റ്റ്–ലെനിനിസ്റ്റ് അടിസ്ഥാനത്തിലുള്ള പ്രചരണം കാണുന്നില്ല. പാർടിയുടെ നേതൃത്വപരമായ പങ്കിന് അർഥം എല്ലാവർകും അഭിപ്രായ പ്രകടനസ്വാതന്ത്ര്യം ഉറപ്പുചെയ്യുകമാത്രമല്ല; ശാസ്ത്രീയ സോഷ്യലിസത്തെ കാത്തുരക്ഷിക്കാനും ജനങ്ങൾകിടയിൽ അതിന്റെ പ്രചരണത്തിനും പാർടി ഇടപെടുക കൂടിയാണ്.

## ജനാധിപത്യ കേന്ദ്രീകരണം

മുന്നണി പാർടിയെ സംബന്ധിച്ച ലെനിന്റെ സങ്കൽപനം ജനാധിപത്യ കേന്ദ്രീകരണ തത്വങ്ങളിൽ അധിഷ്ഠിതമാണ്. ഉൾപാർടി ജനാധിപത്യം, കർശനമായ അച്ചടക്കം, വിമർശനവും സ്വയം വിമർശനവും, ന്യൂനപക്ഷം ഭൂരിപക്ഷത്തിനു വിധേയമാകൽ എന്നിവയാണ് ഈ തത്വങ്ങൾ. രാജ്യത്തിനകത്തെ ചൂഷക വർഗങ്ങളെ ഇല്ലായ്മ ചെയ്തതിനുശേഷവും പാർടിയുടെ പ്രായോഗിക പ്രവർതനത്തിൽ ജനാധിപത്യത്തിന്റെ ചെലവിൽ കേന്ദ്രീകരണത്തിന് ഊന്നൽ നൽകപ്പെട്ടിട്ടുണ്ട് എന്ന കാര്യത്തിൽ തർകമില്ല. അതിയായ കേന്ദ്രീകരണത്തിന്റെ ഫലമായി പാർടിയുടെ പ്രാഥമിക ഘടകങ്ങളുടെ മുൻകൈ തടയപ്പെടുകയും നയ രൂപീകരണത്തിലും തീരുമാനങ്ങൾ പുനരവലോകനം ചെയ്യുന്നതിലും പാർടി അംഗങ്ങളുടെ പങ്കാളിത്തവും ഉൾപെടലും തടസപ്പെടുകയും ചെയ്തു. പാർടിയുടെ ആന്തരിക ഘടനയായ ജനാധിപത്യ കേന്ദ്രീകരണ തത്വം ഭരണകൂടത്തിന്റെയും ബഹുജനങ്ങളുടെയും സംഘടനകളിലും വിവേചനരഹിതമായി പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ ബഹുജനങ്ങളുടെ മുൻകൈ തടയപ്പെട്ടിട്ടുണ്ട്. പാർടിയുടെ ജനാധിപത്യവൽകരണത്തിലുള്ള ഊന്നൽ ജനാധിപത്യ കേന്ദ്രീകരണതത്വം ഉപേക്ഷിക്കപ്പെടുന്നതിലേക്ക് നയിച്ചുകൂട.

കമ്യൂണിസ്റ്റ് പാർടിക്കകത്തുതന്നെ വിവിധ വേദികളെ പ്രവർതിക്കാൻ അനുവദിച്ചിരിക്കുന്നു. സ്വതന്ത്ര സംവാദവും ജനാധിപത്യ ചർചയും ഭൂരിപ

ക്ഷ തീരുമാനത്തിലേക്ക് നയിക്കുകയും ന്യൂനപക്ഷം അതിനുവഴങ്ങുകയും ചെയ്യുന്നതിന്റെ സ്ഥാനം വേദികൾ പിടിച്ചിരിക്കയാണ്. ഇത് വിവിധ ഫ്രാക്ഷനുകൾ (പക്ഷങ്ങൾ) രൂപീകരിക്കപ്പെടുന്നതിനാണ് ഇടയാക്കുക. ഇത് ലെനിനിസ്റ്റ് പാർടിയുടെ മൗലികതത്വങ്ങൾക്ക് എതിരാണ്. ഒരു കേന്ദ്രകമ്മറ്റി അംഗം സോഷ്യലിസത്തിനും പാർടിക്കും എതിരായി പ്രചാരണം നടത്തുന്നതും ആ നേതൃസമിതിയുടെ അംഗമായി തുടരുകയും ചെയ്യുന്ന വിചിത്രമായ കാഴ്ചയാണ് കാണാൻകഴിയുന്നത്. ഇത് പാർടിയെ വ്യക്തമായ രൂപമില്ലാത്ത ഒരു ക്ലബിന്റെയും ഒരു സോഷ്യൽ ഡെമോക്രാറ്റിക് പാർടിയുടെയും നിലവാരത്തിലേക്ക് തരംതാഴ്ത്തുകയല്ലാതെ മറ്റൊന്നുമല്ല അനുവദിക്കുന്നത്. പുതിയ തരത്തിലുള്ള പാർടി രൂപീകരിക്കാൻ ലെനിൻ നടത്തിയ സമരത്തെ വിസ്മരിക്കലാണിത്. കമ്യൂണിസ്റ്റുപാർടി മുന്നണിപ്പടയെന്ന അതിന്റെ കടമ നിർവഹിക്കണം. ഉൾപാർടി ചർചകൾകുശേഷം അംഗങ്ങളാകെ ഏകീകരിക്കപ്പെട്ട സമഷ്ടിയെന്ന നിലയിൽ കൂട്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചാൽ മാത്രമെ ഇത് സാധ്യമാകു.

## സോഷ്യൽ ഡെമോക്രസി

സോഷ്യൽ ഡെമോക്രാറ്റിക് ശക്തികൾക് ലോകസമാധാനത്തിനുവേണ്ടിയും ആണവയുദ്ധം തടയുന്നതിനുവേണ്ടിയുമുള്ള സമരത്തിൽ സുപ്രധാനമായ പങ്ക് വഹിക്കാനുണ്ട്. സോഷ്യൽ ഡെമോക്രാറ്റിക് പാർടികൾ പശ്ചിമയൂറോപ്പിൽ പലപ്പോഴായി ഭരണത്തിൽ വരുന്നതുകൊണ്ട് ഇത് പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. വികസിത മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളിവർഗത്തിനും ജനങ്ങളിൽ വിപുലമായ വിഭാഗങ്ങൾകും ഇടയിൽ സോഷ്യൽ ഡെമോക്രസിക്ക് ഇപ്പോഴും ശക്തമായ സ്വാധീനമുണ്ട്. അതുകൊണ്ട് കമ്യൂണിസ്റ്റുകാർ അവരുടെ സഹകരണം സജീവമായി തേടുന്നു. ലോകസമാധാനത്തിനുവേണ്ടിയും അധ്വാനിക്കുന്ന ജനങ്ങളുടെ പൊതുപ്രശ്നങ്ങളിലും ഉള്ള സമരത്തിൽ അവർ ഏകോപിച്ചു പ്രവർത്തിക്കുന്നു. സോഷ്യൽ ഡെമോക്രാറ്റിക് പാർടികളുടെ പങ്കിൽ ഏറ്റക്കുറച്ചിൽ ഉണ്ടെങ്കിലും അവയെല്ലാം മുതലാളിത്ത വ്യവസ്ഥക്കുള്ളിലെ പരിഷ്കരണവാദ പാർടികളാണ്. അവ വർഗ സഹകരണത്തിനുവേണ്ടി വാദിക്കുന്നു. ആശയപരമായി, ഭരണകൂടത്തിന്റെയും സാമൂഹ്യവിപ്ലവത്തിന്റെയും കാര്യത്തിൽ മാർക്സ്, എംഗൽസ്, ലെനിൻ എന്നിവരുടെ അടിസ്ഥാന സിദ്ധാന്തം അവർ നിരസിക്കുന്നു. സോഷ്യൽ ഡെമോക്രസിയുമായുള്ള പിളർപ്പ് നികത്തിക്കൊണ്ട് "സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലെ ചരിത്രപരമായ ഭിന്നിപ്പ്" അവസാനിപ്പിക്കണമെന്ന് സി പി എസ് യുവിന്റെ കരടുനയ പ്രസ്താവന ഇപ്പോൾ വാദിക്കുന്നു. സോഷ്യൽ ഡെമോക്രസിയെ മാർക്സിസ്റ്റ് പാർടിയുമായി ലയിപ്പിക്കുക എന്നാൽ തൊഴിലാളി വർഗത്തിന്റെ ആശയസംഹിത തുടച്ചുമാറ്റുകയും ശാസ്ത്രീയ സോഷ്യലിസത്തിൽ വെള്ളം ചേർകുകയുമാണ്. അതിനാൽ സോഷ്യൽ ഡെമോക്രാറ്റിക് പാർടികളും കമ്യൂണിസ്റ്റ് പാർടികളുമായി പൊതുവായ ആശയപരമായ കണ്ണികളുണ്ടെങ്കിലും അവയെ തുല്യപ്പെടുത്താനാവില്ല.

## വംശീയ പ്രശ്നം

സോവിയറ്റ് യൂണിയനിലെ ദേശീയ ജനവിഭാഗങ്ങളുടെ പ്രശ്നം വലിയ ഉത്കണ്ഠക്ക് ഇടം നൽകിക്കൊണ്ട് ഗുരുതരമായ രൂപങ്ങൾ കൈക്കൊണ്ടിരിക്കുന്നു. ലെനിന്റെ നേതൃത്വത്തിൻകീഴിൽ പുതിയ സോവിയറ്റ് ഭരണകൂടം ജനാധിപത്യപരമായ ദേശീയ ജനവിഭാഗ നയത്തിന് അടിത്തറ പാകിയിരുന്നു. അത് ഒറ്റയടിക്ക് പോയനൂറ്റാണ്ടുകളിലെ അടിച്ചമർതലിന് വിരാമമിട്ടു. അതിനുശേഷം സോഷ്യലിസത്തിൻ കീഴിൽ സോവിയറ്റ് യൂണിയനിലെ വിവിധ ദേശീയ ജനവിഭാഗങ്ങൾ, പ്രത്യേകിച്ച് പിന്നോക്ക വിഭാഗങ്ങൾ, സാമ്പത്തികവും

സാമൂഹ്യവും സാംസ്കാരികവുമായി ഗംഭീര പുരോഗതി കൈവരിച്ചു. എന്നാൽ ഒരു കാലയളവിനുള്ളിൽ നിഷേധാത്കമമായ സംഭവവികാസങ്ങളുണ്ടായി. ഇവയെ തക്ക സമയത്ത് തടയുകയുണ്ടായില്ല. ഇക്കാര്യം സോവിയറ്റ് യൂണിയന് പുറത്ത് അറിയാമായിരുന്നില്ല. ഇപ്പോൾ ദേശീയ പ്രശ്നം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നത് ദീർഘകാലമായി ഒട്ടനവധി പ്രശ്നങ്ങൾ ഈട്ടം കൂടിയതുകൊണ്ടാണെന്ന് ഇന്ന് വ്യക്തമാണ്. ഉദ്യോഗസ്ഥ മേധാവിത്വപരമായ കടുംകൈ, അതിയായ കേന്ദ്രീകരണം, ഭാഷകൾ തമ്മിലുള്ള സമത്വം എന്ന നയത്തിൻെറ ലംഘനം എന്നിവയെല്ലാം പ്രശ്നം മൂർഛിക്കുന്നതിലേക്ക് സംഭാവന ചെയ്തിട്ടുണ്ട്. ഇന്ന് വിവിധ റിപ്പബ്ളിക്കുകളിൽ വിവിധ രൂപങ്ങളിലാണ് പ്രശ്നം പ്രത്യക്ഷപ്പെടുന്നത്.

കൂടാതെ, സോഷ്യലിസത്തിന് കീഴിൽ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടതോടെ, വിവിധ ദേശീയ ജനവിഭാഗങ്ങൾകിടയിൽ പുതിയ സാമൂഹ്യ– സാമ്പത്തിക കൂട്ടുകെട്ടുകളും പുതിയ കുടിയേറി പാർകൽ രൂപമാതൃകകളും പുതിയ ബുദ്ധിജീവി വിഭാഗവും രംഗപ്രവേശം ചെയ്തിരിക്കുന്നു. ഈ സംഭവവികാസങ്ങൾ മനസിലാക്കുന്നതിലുള്ള ഗൗരവമായ വീഴ്ചകളും ഇവയെ കൈകാര്യം ചെയ്യുന്നതിലുള്ള തെറ്റുകളും വംശീയ വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷവും ദേശീയ സങ്കുചിതവാദവും വളരുന്നതിന് ഇടയാക്കിയിരിക്കുന്നു. ഈ നിഷേധത്മക പ്രവണതകൾ പരസ്യമായി പ്രകടിപ്പിക്കാനും വംശീയ വികാരങ്ങൾ ആളിക്കത്തിക്കാനും ഗ്ലാസ്നസ്തിനെ ദുരുപയോഗം ചെയ്തിരിക്കുന്നു. ദേശീയ സങ്കുചിത പ്രവണതകൾ ചില റിപ്പബ്ളിക്കുകളിൽ വിഘടനപരമായ ആവശ്യങ്ങൾ ഇളക്കിവിടുന്നു. ഇത് അതത് ദേശീയ ജനവിഭാഗങ്ങളിൽ പെട്ട തൊഴിലാളി വർഗത്തിൻെറയും ജനസാമാന്യത്തിൻെറയും മൗലികവും മർമ പ്രധാനവുമായ താൽപര്യങ്ങൾകെതിരാണ്. അവരുടെ ക്ഷേമവും വികസനവും മറ്റെല്ലാ ദേശീയ ജനവിഭാഗങ്ങളിലും പെട്ട സോവിയറ്റ് ജനങ്ങളുടെ ക്ഷേമവും വികസനവുമായി അഭേദ്യമാംവിധം ബന്ധിക്കപ്പെട്ടിരിക്കുന്നു.

ദേശീയ ജനവിഭാഗങ്ങളെക്കുറിച്ച് 1989 സപ്തംബറിൽ സിപിഎസ്യു അംഗീകരിച്ച നയപ്രസ്താവനയും തുടർന്നുള്ള യത്നങ്ങളും അടിയന്തര പ്രശ്നങ്ങളെ താത്വികമായ അടിസ്ഥാനത്തിൽ പരിഹരിക്കാൻ ശ്രമിച്ചുവരികയായിരുന്നു. സിപിഎസ്യു ശരിയായി തന്നെ പ്രസ്താവിച്ചു: "സ്വയം നിർണയാവകാശത്തെ വിഘടനാവകാശം സാക്ഷാത്കരിക്കുന്ന ഏക നടപടിയായി മാത്രം കണക്കാക്കരുതെന്നാണ് സോവിയറ്റ് യൂണിയൻെറയും ലോകത്തിലെ മറ്റ് പ്രദേശങ്ങളുടെയും അനുഭവം ചൂണ്ടിക്കാട്ടുന്നത്. ദേശീയമായ മാന്യത ഉറപ്പുവരുത്തൽ, രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യത്തെ ശക്തിപ്പെടുത്തൽ, ഭാഷയും സംസ്കാരവും വികസിപ്പിക്കൽ എന്നിവ അടങ്ങുന്ന സങ്കീർണവും ബഹുമുഖവുമായ പ്രക്രിയ ആണത്." എന്നാൽ വംശീയ ഹിംസയും വേർപെടൽ വാദവും കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ സംഘർഷം ഇളക്കി വിടുന്നതിനായി നുഴഞ്ഞുകയറുന്ന സാമ്രാജ്യത്വത്തിൻെറ പങ്കും മതമൗലിക ശക്തികളുടെ ബാഹ്യമായ ഇടപെടലും അവഗണിക്കപ്പെടുന്നു. ലോകമെങ്ങുമുള്ള കമ്യൂണിസ്റ്റുകാരും പുരോഗമന വാദികളും സോവിയറ്റ് യൂണിയനിലെ വംശീയതകൾ തമ്മിലുള്ള സംഘർഷാവസ്ഥയെ അതിയായ ഉൽകണ്ഠയോടെ വീക്ഷിക്കുന്നു. ഇത് സ്വാഭാവികമാണ്. കാരണം ഇത് സോവിയറ്റ് സോഷ്യലിസ്റ്റ് ഫെഡറേഷൻെറ ഐക്യത്തെയും ഭദ്രതയെയും തന്നെ ബാധിക്കുന്നു. ദേശീയ ജനവിഭാഗങ്ങൾ സംബന്ധിച്ച ലെനിനിസ്റ്റ് നയം – സ്വയംഭരിക്കുന്ന റിപ്പബ്ളിക്കുകളുടെ ഏകോപിത ഫെഡറേഷൻ– ഇന്നത്തെ സ്ഥിതിഗതികളിൽ നടപ്പാക്കുന്നതിന് വേണ്ടിയുള്ള സമരത്തിന് ലോകമെങ്ങുമുള്ള കമ്യൂണിസ്റ്റുകാരുടെ പൂർണ പിന്തുണ ഉണ്ടായിരിക്കും.

## പരിഷ്കാരങ്ങളുടെ ആവശ്യകത

മുമ്പ് പ്രസ്താവിച്ചതുപോലെ സാമ്പത്തിക പരിഷ്കാരണങ്ങൾകുള്ള യുക്തി 27—ാം കോൺഗ്രസിൽ ശരിയായി വിശകലനം ചെയ്തിരുന്നു. രാഷ്ട്രീയ റിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരുന്നു: "സോഷ്യലിസ്റ്റ് ഉൽപാദക ബന്ധങ്ങൾ ഉൽപാദക ശക്തികളുടെ വികസനത്തിന് വിശാലമായ വേദികൾ തുറക്കുന്നു. എന്നാൽ, ഇവയെ നിരന്തരം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിന് കാലഹരണം വന്ന സാമ്പത്തിക മാനേജ്മെൻറിനെ തക്കസമയത്ത് കണ്ടുപിടിക്കുകയും അവയ്ക്ക് പകരം പുതിയവ ഏർപ്പെടുത്തുകയും വേണം. ഇന്ന് നിലവിലുള്ള ഉൽപാദനബന്ധങ്ങളുടെയും സാമ്പത്തിക മാനേജ്മെൻറിൻെറയും മാർഗ നിർദേശക വ്യവസ്ഥയുടെയും രൂപങ്ങൾ വിപുലമായ സാമ്പത്തിക വികസനത്തിൻെറ പരിത:സ്ഥിതിയിലാണ് അടിസ്ഥാനപരമായി രൂപംകൊണ്ടത്. സാവധാനത്തിൽ ഇവ കാലഹരണപ്പെടുകയും ഇവക്ക് ഉത്തേജക ശക്തി നഷ്ടപ്പെടാൻ തുടങ്ങുകയും ചില കാര്യങ്ങളിൽ ഇവ ഒരു തടസമായി തീരുകയും ചെയ്തു."

സ്തംഭനാവസ്ഥയുടെ ഫലമായുണ്ടായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് അടിയന്തര പരിഷ്കാരങ്ങൾ ആവശ്യമാണ്. ഈ പ്രശ്നം സംബന്ധിച്ച് സോവിയറ്റ് യൂണിയനിൽ നടക്കുന്ന സംവാദത്തിൽ വ്യത്യസ്ത പ്രവണതകൾ തല നീട്ടുന്നു. ഏത് പാത സ്വീകരിക്കണം? കേന്ദ്രീകൃത ആസൂത്രണമുള്ള സമ്പദ്വ്യവസ്ഥ, കമ്പോളബന്ധങ്ങൾ, സ്വത്തിൻെറ രൂപങ്ങൾ എന്നിവ നിർണായക പ്രാധാന്യം ആർജ്ജിച്ചിരിക്കുന്നു. സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ പരിഗണിക്കുമ്പോൾ സോഷ്യലിസത്തിൻെറ ഘട്ടത്തിൽ ഒരിക്കലും ചരക്ക് —പണ ബന്ധങ്ങൾ ഇല്ലായ്മ ചെയ്യാനാവില്ല. മുതലാളിത്ത പൂർവ സമൂഹരൂപങ്ങളിലും ചരക്കുൽപാദനം നിലനിന്നിരുന്നു. മുതലാളിത്തം തന്നെ ചരക്കുൽപാദനമാണ്. അത് മുതലാളിത്തത്തിന് ശേഷമുള്ള സമൂഹ രൂപങ്ങളിലും ഏറെക്കാലം തുടർന്ന് നിലനിൽകും.

## ആസൂത്രണവും കമ്പോളവും

എന്നാൽ, സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെ സത്ത കേന്ദ്രീകൃത ആസൂത്രണമാണ്. ആസൂത്രണത്തിലും സന്തുലിത വികസനത്തിലും അധിഷ്ഠിതമായ ബന്ധങ്ങൾ സോഷ്യലിസത്തിൻെറ നിയതമായ ഒരു സവിശേഷതയാണ്. മുതലാളിത്തത്തിനുമേൽ അതിനുള്ള നൈസർഗികമായ ഏറ്റവും വലിയ മേൻമയും അതാണ്. സോഷ്യലിസ്റ്റ് ഉൽപാദനനോപാധികളുടെ വസ്തുനിഷ്ഠമായ അടിസ്ഥാനത്തിൽ ആസൂത്രിത വളർച്ച സാധ്യമാണ്. സാമൂഹ്യാവശ്യങ്ങൾ നിറവേറ്റാനും വിവിധതരം ഉൽപാദനങ്ങൾ തമ്മിൽ ആവശ്യമായ അനുപാതം ബോധപൂർവമുള്ള ഇടപെടലിലൂടെ നിലനിർതാനും ദേശീയസമ്പദ് വ്യവസ്ഥയുടെ ഒറ്റ സമഷ്ടി എന്ന നിലയിലുള്ള ഏകോപിത മാനേജ്മെൻറ് ആവശ്യമാണ്. അത് ആസൂത്രണം പ്രദാനം ചെയ്യുന്നു. പൗരന്മാർക് വർധമാനമായ തോതിൽ സാധനങ്ങളും ക്ഷേമസേവനങ്ങളും ഉറപ്പുചെയ്യുന്നതിന് വേണ്ടി സമൂഹവൽകൃത ഉൽപാദക ശക്തികളെ വളർതുക എന്ന ലക്ഷ്യം സോഷ്യലിസ്റ്റ് ആസൂത്രണ പ്രക്രിയ നടപ്പാക്കുന്നു. ഈ ചട്ടകൂട്ടിനുള്ളിൽ കേന്ദ്രീകൃത ആസൂത്രണത്തെയും കമ്പോളബന്ധങ്ങളെയും ക്രമീകരണത്തിന് വിരുദ്ധമായ തത്വങ്ങളായി വീക്ഷിച്ചുകൂട. ആസൂത്രണം കമ്പോളബന്ധങ്ങളെ ഉപയോഗപ്പെടുത്തുകയും വികസനത്തിൻെറ ഘട്ടത്തിന് സംഗതമായ രീതിയിൽ അടിയന്തര സാമ്പത്തിക ലക്ഷ്യങ്ങൾകായി ക്രമീകരിക്കുകയും വേണം.

ഈ സന്ദർഭത്തിൽ സമ്പദ് വ്യവസ്ഥയുടെ കേന്ദ്രീകൃത ആസൂത്രണത്തിൻെറ കാര്യക്ഷമത വർധിപ്പിക്കേണ്ടത് ആവശ്യമാണ്. ഉൽപാദനത്തിനും നവീകരണത്തിനും ഉത്തേജനം നൽകാനായി കീഴ്ഘടകങ്ങൾകും ഉൽപാദന സംരംഭ

ങ്ങൾകും ഒരളവോളം വികേന്ദ്രീകരണം ഉറപ്പുചെയ്യേണ്ടതും ആവശ്യമാണ്.

ഓരോരുത്തനും അവൻ ചെയ്യുന്ന ജോലിയനുസരിച്ച് എന്ന തത്വം സോഷ്യലിസത്തിൻെറ ഘട്ടത്തിലാകെ നിലനിൽകും. ഇതിനർഥം സോഷ്യലിസം കെട്ടിപ്പടുക്കുന്നതിൽ ഭൗതിക പ്രചോദനത്തിന് നിയതമായ ഒരു പങ്ക് വഹിക്കാനുണ്ട് എന്നാണ്. സോഷ്യലിസത്തിന് കീഴിൽ ഈ തത്വത്തെ അവഗണിക്കാനോ വിട്ടുകളയാനോ ആവില്ല. ഭൗതിക പ്രചോദനം ആവശ്യമാണെങ്കിലും, വ്യക്തിതാൽപര്യങ്ങളെ സാമൂഹ്യ ആവശ്യങ്ങൾക് കീഴ്പെടുത്തത്തക്കവിധം കൂട്ടായ ബോധത്തെ വികസിപ്പിക്കുന്നതിനുള്ള യത്നങ്ങൾ തുടർചയായി നടത്തേണ്ടതാണ്. ഇതില്ലാതെ സോഷ്യലിസ്റ്റ് ബോധം വളർതാനാവില്ല. പരിഷ്കാരത്തിൻെറ ഒരു പ്രധാന ഘടകം ജനാധിപത്യത്തെ ചൈതന്യവൽകരിക്കയാണ്. ഇതോടൊപ്പം അധ്വാനത്തിൻെറ ഉൽപാദനക്ഷമത വർധിപ്പിക്കാനും തൊഴിലാളിവർഗത്തിൻെറ സോഷ്യലിസ്റ്റ് ബോധം ഉയർതാനും ജനാധിപത്യപരമായ മാനേജ്മെൻറ് വിധാനങ്ങൾ ഫലപ്രദമായി പ്രവർതിക്കേണ്ടതുമുണ്ട്.

സാമ്പത്തിക പരിഷ്കാരങ്ങളുടെ മുകളിൽ വിവരിച്ച ആവശ്യകതയുടെ പശ്ചാത്തലത്തിൽ സോവിയറ്റ് യൂണിയനിൽ നടപ്പാക്കിവരുന്ന പരിഷ്കാരങ്ങളുടെ ദിശയെക്കുറിച്ച് ആശങ്കയുണ്ടാകാൻ ന്യായമായ അടിസ്ഥാനമുണ്ട്. കരട് നയപ്രസ്താവനയിൽ "ഫലപ്രദമായ ആസൂത്രണ– കമ്പോള സമ്പദ് വ്യവസ്ഥക്കുവേണ്ടി" എന്ന തലക്കെട്ടിൻ കീഴിലുള്ള വിഭാഗത്തിൽ ഇങ്ങനെ പറയുന്നു: "സാമ്പത്തിക പരിഷ്കാരങ്ങളുടെ ഏറ്റവും വിഷമം പിടിച്ച വശങ്ങളിലൊന്ന് സാമ്പത്തിക പ്രവർതനം ക്രമീകരിക്കുന്നതിനായി ആസൂത്രണ– കമ്പോള രീതികളുടെ ഒരു ജൈവ സംയോജനം കണ്ടെത്തുകയാണ്."

പക്ഷെ, തൊട്ടടുത്തുതന്നെ കരടുനയ പ്രസ്താവന ഇങ്ങനെ പ്രസ്താവിക്കുന്നു: "പൂർണ തോതിലുള്ള കമ്പോള സമ്പദ്വ്യവസ്ഥയുടെ സൃഷ്ടിക്ക് ഉപഭോഗവസ്തുക്കൾ, മൂലധന ചരക്കുകൾ, സെക്യൂരിറ്റികൾ, നിക്ഷേപം, നാണയങ്ങൾ, ഗവേഷണവും വികസനവും എന്നിവയുടെ കമ്പോളങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. സാമ്പത്തിക– പണ– വായ്പാ വ്യൂഹങ്ങളുടെ പരിഷ്കാരം കാലെ തന്നെ വേണം." ആസൂത്രണമല്ല, കമ്പോളമാണ് സമ്പദ് വ്യവസ്ഥയെ ക്രമീകരിക്കുക എന്ന് കരടുനയ പ്രസ്താവന വിഭാവനം ചെയ്യുന്നു. അത് പ്രസ്താവിക്കുന്നു: "കമ്പോളം സമ്പദ് വ്യവസ്ഥയെ ക്രമീകരിക്കാൻ തുടങ്ങുന്നതിനുള്ള അവശ്യ നിബന്ധനയാണ് വിലവിധാനത്തിൻെറ പുന:സംഘടന."

പൂർണ വളർചയെത്തിയ കമ്പോള സമ്പദ് വ്യവസ്ഥയുടെ പേരിൽ കമ്പോള സമ്പദ് വ്യവസ്ഥക്ക് നൽകുന്ന മുഖ്യമായ ഊന്നലും അത് സമ്പദ് വ്യവസ്ഥയെ ക്രമീകരിക്കുമെന്നുള്ള വർതമാനവും കേന്ദ്രീകൃത ആസൂത്രണത്തിൻെറ മർമ പ്രധാനമായ പങ്കിനെ തുരങ്കം വയ്ക്കുന്നു. ആസൂത്രണത്തിന് കീഴിലുള്ള ഒറ്റ സാമ്പത്തിക വിധാനമായി ഏകോപിപ്പിച്ചില്ലെങ്കിൽ കമ്പോള ബന്ധങ്ങളും ചരക്ക്– പണ– ബന്ധങ്ങളും വരുമാനത്തിൽ വർധമാനമായ തോതിലുള്ള വ്യത്യാസത്തിനും സോഷ്യലിസത്തിന് കീഴിൽ സാമൂഹ്യ മുൻഗണനകൾക് ചോർച സംഭവിക്കുന്നതിനും ഇടയാക്കും. ഇത് അസന്തുലിതമായ വികസനത്തിലേക്കും ലാഭേച്ഛ മേധാവിത്വം വഹിക്കുന്നതിലേക്കും നയിക്കും.

## സാമൂഹ്യ ഉടമസ്ഥതക്ക് പ്രഥമസ്ഥാനം

സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെയും സോഷ്യലിസ്റ്റ് വ്യവസ്ഥയുടെയും അടിത്തറ ഉൽപാദനോപാധികളുടെ സാമൂഹ്യ ഉടമസ്ഥതയും സമൂഹവൽകൃത ഉൽപാദനവുമാണ്. സോഷ്യലിസത്തിന് കീഴിൽ ഇന്ന് സ്വത്തിൻെറ മൂന്നുതരം രൂപങ്ങൾ ഉണ്ട്. ഭരണകൂടത്തിൻെറ വക, സഹകരണസംഘങ്ങൾ അല്ലെങ്കിൽ കളക്ടീവ് വക, വ്യക്തികളുടെ വക. അവസാനം പറഞ്ഞതി

ൻെറ മേഘല ഇന്നും അപ്രധാനമാണ്. ഭരണകൂടത്തിൻെറയും കളക്ടീവുകളുടെയും സഹകരണ സംഘങ്ങളുടെയും സംരംഭങ്ങൾ മൊത്തം ഉൽപാദനത്തിൻെറ 95 ശതമാനത്തിലേറെ നിർമിക്കുന്നു. മുമ്പ് ഭരണകൂടത്തിൻെറ വകയായിരുന്ന സേവനങ്ങൾ, വിതരണം മുതലായ മേഖലകളിൽ സഹകരണസംഘങ്ങൾ വളരുന്നതോടെയാണ് പുതിയ നടപടികൾ ആരംഭിച്ചത്. ഉൽപാദനത്തിനുവേണ്ടിയുള്ള പുതിയ സഹകരണസംഘങ്ങൾ, വ്യവസായത്തിലും കൃഷിയും ഉൽപാദനോപാധികളുടെ കൂട്ടായ ഉടമസ്ഥതയും വ്യക്തിഗത ഉടമസ്ഥതയും എന്നിവ വിഭാവനം ചെയ്യപ്പെടുന്നു. കരടുനയ പ്രസ്താവന "സ്വത്തുടമാബന്ധങ്ങളിൽ ആഴത്തിലുള്ള പുനഃസംഘടന" വരുത്തുന്നതിനെ കുറിച്ച് പറയുന്നു. സ്വത്തിൻെറ രൂപങ്ങളിൽ വൈവിധ്യം വേണമെന്ന് വാദിക്കുന്നു. പിന്നീട് അത് അൽഭുതകരവും അസ്വീകാര്യവുമായ ഒരു അവകാശവാദം ഉന്നയിക്കുന്നു: "സിവിൽ സ്വാതന്ത്ര്യത്തിനുള്ള സാമ്പത്തികാടിത്തറ" വിവിധ രൂപത്തിലുള്ള സ്വത്തുക്കൾ തമ്മിലുള്ള "തുല്യവും ശരിയുമായ മൽസരം" ആണ്. അതായത്, സോവിയറ്റ് യൂണിയനിൽ ജനാധിപത്യവും സിവിൽ സ്വാതന്ത്ര്യങ്ങളും ഉറപ്പുചെയ്യാൻ സാമൂഹ്യ ഉടമസ്ഥതയിലുള്ള സ്വത്തുമായി തുല്യാടിസ്ഥാനത്തിൽ മൽസരിക്കുന്ന സ്വകാര്യസ്വത്തു വേണമെന്ന് കരട് നയ പ്രസ്താവന പ്രഖ്യാപിക്കുന്നു. ഈ സമീപനം തികച്ചും മാർക്സിസ്റ്റ് വിരുദ്ധമാണ്. സ്വകാര്യസ്വത്തിനും കമ്പോളത്തിനും മാത്രമേ സ്വതന്ത്രമായ തെരഞ്ഞെടുക്കൽ പ്രദാനം ചെയ്യാനാവു എന്നും അതിനാൽ അതാണ് സ്വാതന്ത്ര്യത്തിന് അടിസ്ഥാനമെന്നും ഉള്ള ബൂർഷ്വാ പൂർവ പക്ഷം കരടുനയ പ്രസ്താവന അംഗീകരിക്കുന്നു.

സോഷ്യലിസ്റ്റ് സ്വത്തുടമാബന്ധങ്ങൾക് സമൂഹവൽകരണത്തിൻെറ വിവിധ നിലവാരങ്ങളുണ്ട്. വിവിധ രൂപങ്ങളിൽ ഇടയ്ക്കിടെ നീക്കുപോക്കു വരുത്തുന്നതും ക്രമീകരണം ഉണ്ടാക്കുന്നതും ആവശ്യമാണ്. സാമ്പത്തിക പരിഷ്കാരം ഈ വശം ന്യായമായി കൈകാര്യം ചെയ്യേണ്ടതാണ്. എന്നാൽ ഉൽപാദനം കൂടുതൽ സമൂഹവൽകരിക്കാനും സോഷ്യലിസത്തിൻെറ ഉയർന്ന ഘട്ടത്തിലേക്ക് കടക്കാനും ഭരണകൂടത്തിൻെറ ഉടമസ്ഥതക്കും കളക്ടീവുകൾകും പ്രഥമസ്ഥാനം നൽകേണ്ടതാണ്.

സോവിയറ്റ് ഗവർമെണ്ട് 1990 മേയിൽ സുപ്രീം സോവിയറ്റിൽ "ക്രമീകൃത കമ്പോള സമ്പദ് വ്യവസ്ഥ"യിലേക്കുള്ള പരിവർത്തനത്തിനുള്ള പരിപാടി അവതരിപ്പിച്ചു. കമ്പോളശക്തികളുടെ ഗുണപരമായി പുതിയ വിപുലനം ഇതിൻെറ ഫലമായുണ്ടാകുമെന്നാണ് പ്രതീക്ഷ. 1992 ആകുമ്പോഴേക്ക് ഘട്ടം ഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കപ്പെടുന്ന ഈ പരിപാടിയിൽ വിലകളെ കമ്പോളശക്തികളുമായി ബന്ധിപ്പിക്കുന്നത് പണപ്പെരുപ്പം വർധിക്കുന്നതിന് ഇടയാക്കും. ഗുരുതരമായ തൊഴിലില്ലായ്മയിലേക്ക് നയിക്കുന്ന ഒരു തൊഴിൽ കമ്പോളം സൃഷ്ടിക്കണമെന്നാണ് പരിപാടി വാദിക്കുന്നത്. പൊതു ഉടമസ്ഥതയുടെ പ്രഥമസ്ഥാനം ഊന്നിപ്പറയാത്തതും സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും ക്രമീകൃതമല്ലാതെ കമ്പോളബന്ധങ്ങൾ വികസിപ്പിക്കുന്നതും സമ്പദ് വ്യവസ്ഥയിലെ ഇപ്പോഴത്തെ പ്രതിസന്ധി സോഷ്യലിസ്റ്റ് രീതിയിൽ പരിഹരിക്കുന്നതിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കും.

## സോഷ്യലിസ്റ്റ് വ്യവസ്ഥയെ അട്ടിമറിക്കുക എന്ന വിപത്ത്

ആസൂത്രണത്തിൻെറയും കമ്പോളത്തിൻെറയും പുനഃസംഘടന, സ്വത്തിൻെറ രൂപങ്ങൾ, വിലയിൽ വരുത്തുന്ന പരിഷ്കാരങ്ങൾ, ലോകമുതലാളിത്ത കമ്പോളത്തിന് ഒരു കരുതലുമില്ലാതെ വിധേയമാകൽ, അതിൻെറ വിധാനങ്ങളുമായുള്ള സംയോജനം എന്നിങ്ങനെ സോവിയറ്റ് യൂണിയൻെറ സാമ്പത്തിക പരിഷ്കാരങ്ങൾ മുഴുവനും സോഷ്യലിസ്റ്റ് വ്യവസ്ഥക്ക് പ്രതികൂല പ്ര

ത്യാഘാതങ്ങൾ ഉളവാക്കുമോ എന്ന ഭയം ശരിക്കും സൃഷ്ടിക്കുന്നു. കിഴക്കൻ യൂറോപ്പിലെ, വിശേഷിച്ച് പോളണ്ടിലെയും ഹംഗറിയിലെയും സാമ്പത്തിക പരിഷ്കാരങ്ങളുടെ ചരിത്രത്തിൽ നിന്ന് പാഠങ്ങൾ ഉൾകൊള്ളണം. സോവിയറ്റ് മാതൃക യാന്ത്രികമായി നടപ്പാക്കിയത് സൃഷ്ടിച്ച സ്തംഭനാവസ്ഥ ഉണ്ടായ ഈ രാജ്യങ്ങൾ രണ്ടിലും തക്കസമയത്ത് തിരുത്തലുകൾ നടത്തിയില്ല. മറിച്ച്, ഈ രാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥകൾ കമ്പോളശക്തികളുടെ ഇടപെടലിന് വിധേയമാക്കപ്പെട്ടു. പാശ്ചാത്യ വായ്പകളും വമ്പിച്ച മൂലധന ഇറക്കുമതിയും കടുത്ത പണപ്പെരുപ്പത്തിനും തൊഴിലില്ലായ്മക്കും ഇടയാക്കി. തൽഫലമായുണ്ടായ ബഹുജന അസംതൃപ്തി സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ചോർച്ചയുണ്ടാക്കി. ലെനിൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ധനശാസ്ത്രം ആത്യന്തികമായി ഒരു രാഷ്ട്രീയ കാര്യമാണ്.

സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥകൾ പരിഷ്കരിക്കേണ്ടത് മർമ പ്രധാനവും അടിന്തരവുമായ ഒരു കടമയാണ്. ശാസ്ത്ര– സാങ്കേതിക വിപ്ലവത്തിൽ നിന്നും സോഷ്യലിസ്റ്റ് കോസ്റ്റ് അക്കൗണ്ടിങ്ങ് (നിർമാണച്ചെലവ് കണക്ക്) സംവിധാനത്തിൽ നിന്നും പുതിയ മാനേജ്മെൻറ് സമ്പ്രദായങ്ങളിൽ നിന്നും മെച്ചമുണ്ടാക്കാനും സോഷ്യലിസ്റ്റ് ചരക്കുൽപാദന വ്യവസ്ഥയും കമ്പോളവും കേന്ദ്രീകൃത ആസൂത്രണത്തിന് കീഴിൽ മെച്ചപ്പെടുത്താനും ഫലപ്രദമായ ഒരു നയം ആവിഷ്കരിക്കുന്നതിന് നടപടികളെടുക്കേണ്ടതാണ്. കമ്പോളത്തിൻെറ മേന്മയെയും സ്വതന്ത്രമായ തെരഞ്ഞെടുക്കലും ജനാധിപത്യവുമായുള്ള അതിൻെറ പരസ്പര ബന്ധത്തെയും കുറിച്ചുള്ള ബൂർഷ്വാ പ്രചാരണ ആക്രമണത്തെയും സംശയരഹിതമായി തള്ളിക്കളയണ്ടേതാണ്. ഉൽപാദന ശക്തികളെയും അധ്വാനത്തിൻെറ ഉൽപാദനക്ഷമതയെയും മെച്ചപ്പെടുത്താനുള്ള സൃഷ്ടിപരമായ നവീകരണങ്ങൾകും ഉചിതമായ ഉൽപാദനബന്ധങ്ങൾ ഉയർന്നുവരുന്നതിനുമുള്ള അടിത്തറ സോഷ്യലിസ്റ്റ് വ്യവസ്ഥയും ആസൂത്രിത സമ്പദ് വ്യവസ്ഥയും പ്രദാനം ചെയ്യുന്നു.

## മുതലാളിത്തം ബദലല്ല

സോഷ്യലിസത്തെ വികസിപ്പിക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനുമുള്ള ഉറവയാണ് മാർക്സിസം– ലെനിനസം. ഇന്നത്തെ പ്രശ്നങ്ങളെ അതിജീവിച്ചും വികൃതപ്പെടുത്തലുകളെ തിരുത്തിയും സോഷ്യലിസത്തിന് പുതിയൊരു മുന്നേറ്റം സാധ്യമാക്കിത്തീർകുന്ന അക്ഷയ ധാരയാണ് അത്. ചരിത്രപരമായി കാലഹരണപ്പെട്ട മുതലാളിത്തത്തിന് അതുകഴിയില്ല. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നതും പ്രതിസന്ധിയും മുതലാളിത്തോൽപാദനത്തിൽ അന്തർലീനമാണ്. ചൂഷണം ഉണ്ടാകുന്നത് തൊഴിലാളികൾ കബളിപ്പിക്കപ്പെടുന്നതുകൊണ്ടോ കമ്പോളത്തിൽ അന്യായമായ കൈമാറ്റം നടക്കുന്നതുകൊണ്ടോ അല്ല. മുതലാളിത്തത്തിൻ കീഴിൽ അധ്വാനശക്തി ഒരുചരക്കാക്കപ്പെട്ടിരിക്കുന്നു. കമ്പോളത്തിൽ അതിന് ലഭിക്കാവുന്നതിലും വലിയ ഒരു മൂല്യം അതിൻെറ ഉപയോഗം മൂലം സൃഷ്ടിക്കപ്പെടുന്നു. അതുകൊണ്ടാണ് ചൂഷണം നടക്കുന്നത്. മിച്ചമൂല്യസൃഷ്ടിയും ലാഭവുമാണ് മുതലാളിത്ത ഉൽപാദനത്തിൻെറ പ്രേരകശക്തി. അതും ചൂഷണവും മുതലാളിത്ത ഉൽപാദന പ്രക്രിയയിൽ തന്നെ ഉണ്ടാകുന്നു. എത്രകണ്ട് സാമൂഹ്യക്ഷേമ നടപടികൾ ഉണ്ടായാലും വർഗപരമായ ചൂഷണം മുതലാളിത്തോൽപാദനത്തിൻെറ ചലന സ്വഭാവത്തിൽ അന്തർലീനമാണ്. ഈ ചൂഷണത്തിൽ നിന്നുള്ള മോചനമെന്നാൽ ഈ വ്യവസ്ഥയെ തൂത്തെറിയൽ എന്നാണ് വളച്ചുകെട്ടലില്ലാത്ത അർഥം. അത് ധാർമികമായ പ്രശ്നം മാത്രമല്ല. ശാസ്ത്രീയ യാഥാർഥ്യങ്ങളെ അടിസ്ഥാനമാക്കിയ ചരിത്രപരമായ ആവശ്യകതയാണത്. അതിനാൽ സോഷ്യലിസം കെട്ടിപ്പടുക്കുകയും അരക്കിട്ടുറപ്പിക്കുകയും ചെയ്യുക എന്ന പ്രക്രിയയിൽ നിന്ന് ഉൽഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ബദലാകാൻ മുത

J999

ലാളിത്തത്തിന് ഒരു തരത്തിലും കഴിയില്ല.

ശാസ്ത്രീയമായ വിശകലനത്തിൻെറ അടിസ്ഥാനത്തിൽ മുതലാളിത്തം തൂത്തെറിയപ്പെടുന്നതിൻെറ ചരിത്രപരമായ അനിവാര്യതയും സോഷ്യലിസത്തിൻെറ വിജയവും വെളിവാക്കുന്നു എന്ന വസ്തുതയിലാണ് മാർക്സിസം — ലെനിനിസത്തിൻെറ മഹത്വവും സാധുതയും തുടർന്നുള്ള പ്രസക്തിയും കുടികൊള്ളുന്നത്. മനുഷ്യൻ മനുഷ്യനെയും രാഷ്ട്രം രാഷ്ട്രത്തെയും ചൂഷണം ചെയ്യുന്നത് ആഗോളാടിസ്ഥാനത്തിൽ അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള അനുസ്യൂതമായ സമരപ്രക്രിയയാണ് മാനവരാശിയുടെ സോഷ്യലിസത്തിലേക്കുള്ള പരിവർത്തന പ്രക്രിയ. എന്നാൽ നാം കണ്ടുകഴിഞ്ഞിട്ടുള്ളതുപോലെ ഈ പ്രക്രിയ വിപ്ലവത്തിൻെറയും പ്രതിവിപ്ലവത്തിൻെറയും ശക്തികൾ തമ്മിലുള്ള നിരന്തരമായ സമരം നിറഞ്ഞ സങ്കീർണമായ ഒന്നാണ്. ലെനിൻ ചൂണ്ടിക്കാണിച്ചതുപോലെ. " ഇടക്ക് വമ്പിച്ച പിൻവാങ്ങലുകൾ ഇല്ലാതെ ലോകചരിത്രത്തിൻെറ ഗതി സുഗമമായി സദാ മുന്നോട്ടുപോകുന്നു എന്ന് കരുതുന്നത് വൈരുദ്ധ്യാത്മകതക്ക് വിരുദ്ധമാണ്. അശാസ്ത്രീയമാണ്, സൈദ്ധാന്തിമായി തെറ്റാണ്." ഇത്തരം തിരിച്ചടികളെയും പിന്നോട്ടടികളെയും ശരിയായി മനസിലാക്കുകയും ശരിയായ പാഠങ്ങൾ ഉൾകൊള്ളുകയും ചെയ്യേണ്ടത് ഈ പരിവർത്തന ദശയിൽ സോഷ്യലിസത്തിൻെറ ശക്തികളെ അതിൻെറ ശത്രുക്കൾകെതിരെ പ്രബലമാക്കുന്നതിനും ആവശ്യമാണ്. 1917 മുതൽകുള്ള ഇപ്പോഴത്തെ യുഗത്തിൻെറ ഉള്ളടക്കം ആഗോളാടിസ്ഥാനത്തിൽ മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിൻേറതാണ് എന്നതിൻെറ ശരിയെ സാധൂകരിക്കുന്നതാണ് ഈ നൂറ്റാണ്ടിലെ ആഗോളസംഭവവികാസത്തിലെ മുഖ്യപ്രവണതകൾ.

പാളിച്ചകൾകും വളച്ചൊടിക്കലുകൾകും എതിരായി മാർക്സിസം — ലെനിനിസത്തിൻെറ കൊടിക്കൂറ ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്ത്യൻ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർടിയുടെ കേന്ദ്രക്കമ്മറ്റി സമീപകാല സംഭവ വികാസങ്ങൾ ഉയർതുന്ന വെല്ലുവിളികളെ മാർക്സിസം— ലെനിനിസത്തിൻെറ വിപ്ലവതത്വങ്ങളെ മുറുകെ പിടിച്ചുകൊണ്ട് നേരിടാൻ അണികളോട് ആഹ്വാനം ചെയ്യുന്നു. മാർക്സിസം— ലെനിനിസത്തിനും സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും എതിരായി ഇന്ന് രൂക്ഷമായ ആക്രമണം നടത്തുന്ന സാമ്രാജ്യത്വത്തിനും പ്രതിവിപ്ലവ ശക്തികൾകും എതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടാൻ അത് അണികളോട് ആഹ്വാനം ചെയ്യുന്നു.

## വായിക്കുക

## പ്രചരിപ്പിക്കുക

- ★ ദി മാർക്സിസ്റ്റ്
- ★ പീപ്പിൾസ് ഡെമോക്രസി
- ★ ദേശാഭിമാനി ദിനപ്പത്രം
- ★ ദേശാഭിമാനി വാരിക
- ★ ചിന്ത വാരിക

അച്ചടി: പി കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ്
കമ്പനി (പ്രൈവറ്റ്) ലിമിറ്റഡ്, തിരുവനന്തപുരം — 1

ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി (മാർക്സിസ്റ്റ്)

# സാർവദേശീയ പ്രശ്നങ്ങളെപ്പറ്റി.

320-954
SAR

1990 മെയ് 28, 29, 30, 31 തീയതികളിൽ കൂടിയ
കേന്ദ്രകമ്മറ്റി യോഗം അംഗീകരിച്ചത്.

സിപിഐ(എം) കേരള സംസ്ഥാന കമ്മറ്റി
പ്രസിദ്ധീകരിക്കുന്നത്
വില 1.50സ